വേദ ദർശനം

ഖുർആൻ സുന്നത്ത് സൊസൈറ്റി മുഖപത്രം




**മൗലവി ചേകനൂർ വധക്കേസ് വിധി**

**പ്രത്യേക പതിപ്പ്**


2010 ഡിസംബർ





# കൊല്ലപ്പെട്ടത് മൗലവി ചേകനൂർ വധക്കേസ്


റസാഖ് പയമ്പ്രോട്ട്

razakvara@gmail.com


1993 ജൂലൈ 29 ന് വധിക്കപ്പെട്ടത് മൗലവി ചേകനൂർ ആയിരുന്നെങ്കിൽ 17 വർഷങ്ങൾക്കിപ്പുറം 2010 സെപ്റ്റംബർ 29 ന് കൊല്ലപ്പെട്ടത് മൗലവി ചേകനൂർ വധക്കേസ് തന്നെയാണ്. കൂട്ടുപ്രതികളെ മുഴുവൻ വിട്ടയച്ച് ഒരാൾക്കുമാത്രം ഇരട്ട ജീവപര്യന്തം കഠിനശിക്ഷ വിധിച്ചതിലൂടെ നമ്മുടെ നീതിന്യായ സംവിധാനങ്ങളുടെ പുറമെ നിന്നുള്ള ഇടപെടലുകളും അതിനെ അതിജയിക്കുന്നതിലുള്ള പരിമിതികളും നിസ്സഹായതയും വെളിവാക്കപ്പെടുകയാണ്.

കേസിൽ ശിക്ഷിക്കപ്പെട്ട ഏക പ്രതിയായ വി.വി. ഹംസ സഖാഫിയും നാലാം പ്രതിയെന്നു സിബിഐ കണ്ടെത്തിയ മുഹമ്മദ് ബഷീറും ചേർന്ന് വളരെ ആസൂത്രിതമായി 1993 ജൂലൈ 29 ന് മൗലവി ചേകനൂരിനെ അദ്ദേഹത്തിന്റെ എടപ്പാളിലുള്ള വീട്ടിൽ നിന്ന് മതപ്രഭാഷണത്തിനെന്ന പേരിൽ വിളിച്ചുകൊണ്ടുപോയെന്നും പ്രതികളുടെ ഗൂഢാലോചനയെത്തുടർന്ന് മൗലവിയെ കൊലപ്പെടുത്തിയെന്നുമായിരുന്നു സിബിഐ കേസ്. നാടിളക്കി നടത്തിയ അന്വേഷണങ്ങൾക്കൊടുവിൽ കൊലപാതകം ചെയ്തവർ ശിക്ഷിക്കപ്പെടുമെന്ന സ്ഥിതി സംജാതമായപ്പോഴൊക്കെ ബാഹ്യമായ ഇടപെടലുകൾ നടന്നതിനും അന്വേഷണ ഉദ്യോഗസ്ഥരെ മാറ്റിക്കൊണ്ടിരുന്നതിനും അവിഹിതമായ സാമ്പത്തിക ക്രയവിക്രയങ്ങളിലൂടെ എല്ലാം വഴിതിരിച്ചുവിട്ടതിനും ദൃക്സാക്ഷികളായിരുന്നു കേരളീയർ.

അയോധ്യാ വിധി വന്നതും ചേകനൂർ കേസിന്റെ വിധി വന്നതും ഒരേ ദിവസം. അയോധ്യാ വിധിപോലെ പ്രതികൾ ശിക്ഷിക്കപ്പെടാത്ത മറ്റൊരു 'വിശ്വാസക്കേസ്' ആയി മൗലവി ചേകനൂർ വധവുമെന്ന് വിധിയെഴുതേണ്ട അവസ്ഥ സൃഷ്ടിക്കപ്പെട്ടു. ഇതെന്തുകൊണ്ടു സംഭവിച്ചു?

ഒരു മൗലവിയെ ഒരുകൂട്ടം മൗലവിമാർ ചേർന്ന് കൊലപ്പെടുത്തുകയും വിധിപറയുന്ന വേളയിൽ മൗലവിവേഷത്തിൽ തന്നെ പ്രതികൾ രംഗത്തെത്തി സമുദായത്തെ പരിഹാസ്യമാക്കുകയും ചെയ്തതിന് സമുദായത്തിൽ നിന്ന് ഒരു വിധ വിലക്കോ



അഭിപ്രായപ്രകടനമോ കണ്ടില്ല. കൊലപാതകികൾ പണ്ഡിതവേഷത്തിൽ കോടതിയിൽ എത്തുന്നതിനെ സമുദായ നേതൃത്വത്തിന് തടയാമായിരുന്നു. എന്നാൽ സാമുദായിക നേതൃത്വത്തിനില്ലാത്ത വിവേകം കണ്ണൂർ സെൻട്രൽ ജയിലധികൃതർ കാണിച്ചത് സ്വാഗതാർഹമാണ്. മൗലവി വേഷത്തിൽ ജയിലിൽ കഴിയാൻ അനുവദിക്കണമെന്ന വി.വി. ഹംസയുടെ അപേക്ഷ ജയിലുദ്യോഗസ്ഥർ തള്ളി. പുരോഗമനവാദിയായ, മതകാര്യങ്ങളിൽ കൃത്യമായ നിലപാട് സ്വീകരിച്ച പച്ചയായ ഒരു മനുഷ്യനെ ശ്വാസം മുട്ടിച്ചുകൊന്ന ശേഷം ദീർഘനിശ്വാസം വിടുന്ന പണ്ഡിതവേഷധാരികളെ മനുഷ്യരായി കാണാൻ കഴിയുമോ? എവിടെ നിന്നാണ് ഇവരൊക്കെ ഇസ്‌ലാമിനെക്കുറിച്ച് പഠിച്ചത്? ആരാണ് ഇവരെ മതം പഠിപ്പിച്ചത്? മതപാണ്ഡിത്യവും യാഥാസ്ഥിതിക വിശ്വാസവും ആരെയെങ്കിലും കൊലപാതകികളാക്കുമോ?

സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതികൾക്ക് മാതൃകാപരമായ ശിക്ഷ നൽകാൻ കഴിയുമായിരുന്ന സ്ഥാനത്ത് നടന്ന വിധി പ്രഹസനം കുറ്റവാളികൾക്ക് ഏതൊരു കുറ്റവും ചെയ്യുന്നതിനുള്ള ആത്മവിശ്വാസം പകർന്നു നൽകുന്നതായിരുന്നു എന്നു വേണം കരുതാൻ. നീതിക്കുവേണ്ടി പൊരുതിയിട്ടും നീതി ലഭ്യമാക്കാത്ത നീതിന്യായ സംവിധാനത്തോടുള്ള അതൃപ്തി പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം ജനാധിപത്യത്തിലുണ്ട്. ജനം അതു നിറവേറ്റുക തന്നെ വേണം. അപ്പോഴേ ജനാധിപത്യം 'ജീവിച്ചിരിപ്പുണ്ട്' എന്നു ബോധ്യപ്പെടൂ.

മൗലവിയെ കാണാനില്ലെന്ന പരാതി പൊന്നാനി പൊലീസിൽ 1993 ജൂലൈ 31 ന് രജിസ്റ്റർ ചെയ്തത് മൗലവിയുടെ അമ്മാവൻ സാലിം ഹാജിയായിരുന്നു. ഓഗസ്റ്റ് പതിനാറിന് കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്തു. അന്വേഷണങ്ങൾ കേവലം പ്രഹസനങ്ങളായപ്പോൾ ലോക്കൽ പൊലീസിലെന്നപോലെ ക്രൈംബ്രാഞ്ചിലും ജനത്തിന് വിശ്വാസം നഷ്ടപ്പെട്ടു. പ്രമുഖ സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന ഇ. മൊയ്തു മൗലവിയുടെ പ്രത്യക്ഷ സമരത്തെ തുടർന്നായിരുന്നു രണ്ടു വർഷം കഴിഞ്ഞ് 1995 നവംബർ 10 ന് കേസ് സിബിഐ ഏറ്റെടുത്തത്. 10 മാസങ്ങൾ പിന്നിട്ട ശേഷം 1996 സെപ്റ്റംബർ 10 ന് സിബിഐ കേസന്വേഷണം ആരംഭിച്ചു. മൗലവി കൊല്ലപ്പെട്ടെന്നും ശ്വാസം മുട്ടിച്ചാണ് അദ്ദേഹത്തെ കൊലപ്പെടുത്തിയതെന്നും സിബിഐ കണ്ടെത്തിയത് 2000 നവംബർ ആദ്യത്തിലായിരുന്നു. മൗലവിയെ കൊലപ്പെടുത്തിയവരെന്ന ഉറപ്പിന്മേൽ നവംബർ 27 ന് പിടികൂടിയത് മലപ്പുറം ജില്ലക്കാരായ വി.വി. ഹംസ സഖാഫി, ഇല്യൻ ഹംസ എന്നിവരെയായിരുന്നു. ഇവർ നൽകിയ തെളിവുകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ 29 ന് മൗലവിയുടെ ഭൗതികാവശിഷ്ടം ലഭിക്കുന്നതിനായി മലപ്പുറം ജില്ലയിലെ പുളിക്കലിനടുത്തുള്ള അരൂർ ചുവന്ന കുന്നിൽ മണ്ണ് നീക്കി തിരച്ചിൽ നടത്തി.

> **ഒരു മൗലവിയെ ഒരുകൂട്ടം മൗലവിമാർ ചേർന്ന് കൊലപ്പെടുത്തുകയും വിധിപറയുന്ന വേളയിൽ മൗലവിവേഷത്തിൽ തന്നെ പ്രതികൾ രംഗത്തെത്തി സമുദായത്തെ പരിഹാസ്യമാക്കുയും ചെയ്തതിന് സമുദായത്തിൽ നിന്ന് ഒരു വിധ വിലക്കോ അഭിപ്രായപ്രകടനമോ കണ്ടില്ല. കൊലപാതകികൾ പണ്ഡിതവേഷത്തിൽ കോടതിയിൽ എത്തുന്നതിനെ സമുദായ നേതൃത്വത്തിന് തടയാമായിരുന്നു.**

പ്രതികളുടെ മൊഴികളിൽ വെളിവായ തെളിവുകളൊന്നും ലഭിക്കാതെയാണ് ദിവസങ്ങൾ നീണ്ട തിരച്ചിൽ അവസാനിപ്പിച്ചത്. കൂട്ടുപ്രതികളായി വിദേശത്തു കഴിയുന്നവരെ വിട്ടുകിട്ടാൻ ആഭ്യന്തര വകുപ്പുമായി സിബിഐ ഡിസംബറിൽ തന്നെ ശ്രമങ്ങൾ നടത്തിയെങ്കിലും ഫലപ്രദമായില്ല. നടന്നും ഇഴഞ്ഞും കിടന്നും നീങ്ങിയ സിബിഐ അന്വേഷണത്തിലും ജനത്തിന് വിശ്വാസം നഷ്ടപ്പെടുകയായിരുന്നു.

പ്രത്യേക സിബിഐ കോടതിനടപടികളും വിചാരണയും യാന്ത്രികമായി നടന്നു. 2002ൽ സിബിഐ സമർപ്പിച്ച കുറ്റപത്രം അന്നേ വിവാദക്കുരുക്കിൽപ്പെട്ടു. 2005ൽ ആരംഭിച്ച വിചാരണ അനന്തമായി നീളുകയായിരുന്നു. 2010 ൽ പുറത്തുവന്ന വിധിയാകട്ടെ കൊലപാതകികളെ സംരക്ഷിക്കുന്ന തരത്തിലുമായി. ഒമ്പത് പ്രതികളുള്ള കേസ്സിൽ സിബിഐ പ്രത്യേക കോടതി ഒരാൾക്ക് മാത്രം വിധിച്ചതാവട്ടെ ഒരുമിച്ചനുഭവിക്കാവുന്ന ഇരട്ട ജീവപര്യന്തവും ഒരു ലക്ഷം രൂപ പിഴയും. സിബിഐ എന്ന പരമോന്നത കുറ്റാന്വേഷണ സംവിധാനത്തിന്റെ ബലക്ഷയം വെളിപ്പെടുത്തുന്നതാണ് ഈ വിധിയെന്നു പറയാം. കൂട്ടുപ്രതികളായ ഇല്യൻ ഹംസ, പി.കെ. സൈഫുദ്ദീൻ, ബഷീർ പത്തനാപുരം, മുഹമ്മദ് കുട്ടി, കുഞ്ഞിമരയ്ക്കാർ, ഗഫൂർ, സലാം, ഉസ്മാൻ മുസ്‌ല്യാർ തുടങ്ങിയവരെ ശിക്ഷിക്കാതിരുന്നതിലൂടെ ഇവിടെ കൊല്ലപ്പെട്ടത് ചേകനൂർ വധക്കേസ് തന്നെയാണ്.

സിബിഐ കോടതിയുടെ വിധിക്കു പിറകേ പുറത്തുവന്ന വെളിപ്പെടുത്തൽ (മൗലവി ചേകനൂരിന്റെ മൃതദേഹം കിണറ്റിലിട്ട് മൂടി മുകളിലൂടെ റോഡ് പണിതെന്ന ഒരു വ്യക്തിയുടെ വെളിപ്പെടുത്തൽ) മൗലവിയെ വീണ്ടും അനശ്വരനാക്കുകയാണ്. തെളിവില്ലായ്മയുടെ സാങ്കേതിക ബലത്തിൽ ഇപ്പോൾ രക്ഷപ്പെട്ടിരിക്കുന്നവർ കുറ്റവാളികളെങ്കിൽ അവർ ശിക്ഷിക്കപ്പെടുവാൻ ഈ വെളിപ്പെടുത്തലുകൾ നിമിത്തങ്ങളായേ മതിയാകൂ.

## പൗരാവകാശ പ്രവർത്തകർക്ക് അഭിമാനിക്കാം: എം.എൻ. കാരശ്ശേരി



വിധി ആശ്വാസദായകമാണ്. വിജയം ഭാഗികമാണെങ്കിലും കേരളത്തിലെ പൗരാവകാശ പ്രവർത്തകർക്ക് അഭിമാനിക്കാവുന്ന ഒന്നാണ് വിധി. 17 കൊല്ലം മുമ്പ് നടന്ന കൊലപാതകം ഗൂഢാലോചന നടത്തി ഒരു കൂട്ടം അക്രമികൾ ചെയ്തതു തന്നെയാണെന്ന് സിബിഐ പ്രത്യേക കോടതി കണ്ടെത്തിയിരിക്കയാണ്. തെളിവിന്റെ അഭാവത്തിൽ സാങ്കേതികതയുടെ പേരിലാണ് എട്ടുപേരെ വെറുതെ വിട്ടത്.

**കോടതിയിൽ സിബിഐ പറഞ്ഞത്**

## 'ചേകനൂർ ജീവിച്ചിരുന്നുവെങ്കിൽ സമുദായത്തിനും സമൂഹത്തിനും വലിയ അനുഗ്രഹമാകുമായിരുന്നു'

തികഞ്ഞ പണ്ഡിതനായിരുന്ന മൗലവി മുസ്‌ലിം സമുദായത്തിലെ അന്ധവിശ്വാസങ്ങൾക്കും മതമൗലികവാദത്തിനും എതിരെ ശക്തിയായി പോരാടിയ ശ്രേഷ്ഠവ്യക്തിയായിരുന്നു. അദ്ദേഹം ജീവിച്ചിരുന്നുവെങ്കിൽ സമുദായത്തിനും സമൂഹത്തിനും വലിയൊരു അനുഗ്രഹമാകുമായിരുന്നു. അദ്ദേഹത്തെ കൊലപ്പെടുത്തിയവരോട് ഒരു കാരുണ്യവും കാട്ടരുത്.

ചേകനൂർ വധക്കേസ് വിധിക്ക് ശേഷം ഇന്റർനെറ്റിൽ ലോകവ്യാപകമായി പ്രചരിക്കുന്ന ഒരു ഇ-മെയിൽ സന്ദേശം

# സംസ്കാരാധഃപതനം അഥവാ മറ്റൊരു കോപ്പർ നിക്കസ്



സത്യം എന്നും വേട്ടയാടപ്പെട്ടിട്ടേയുള്ളൂ. തങ്ങൾ സത്യത്തിനുവേണ്ടി നിലകൊള്ളുന്നു എന്ന് പലരും വാദിക്കുമ്പോൾ അവരിൽ ഭൂരിഭാഗവും അസത്യത്തിന്റെ മുഖം മൂടി അണിഞ്ഞായിരിക്കും സത്യത്തിനു വേണ്ടി വാദിക്കുന്നത്.

മൗലവി ചേകനൂരിന്റെ കൊലപാതകത്തിന്റെ ആദ്യകോടതി വിധി വന്നിരിക്കുന്ന ഈ വേളയിൽ ചില കുറിപ്പുകൾ.

ഭൂമി ഉരുണ്ടതാണെന്നും സൂര്യൻ പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്നും 16-ാം നൂറ്റാണ്ടിൽ പോളണ്ടിലെ ശാസ്ത്രജ്ഞനായ കോപ്പർ നിക്കസ് കണ്ടെത്തുകയും അത് ലോകത്തോട് വിളിച്ചുപറയുകയും ചെയ്തപ്പോൾ അതുവരെ ഭൂമി പരന്നതാണെന്നു വിശ്വസിച്ചിരുന്ന സമൂഹം അദ്ദേഹത്തെ കല്ലെറിഞ്ഞു കൊന്നു. വീണ്ടും 170 വർഷം കഴിഞ്ഞപ്പോൾ ഖലീലിയോ, ജോഹന്നാസ് കേപ്ലർ, ഐസക് ന്യൂട്ടൺ എന്നിവർ ചേർന്ന് കോപ്പർ നിക്കസിന്റെ കണ്ടെത്തലുകൾ ശരിയെന്നു തെളിയിച്ചു.

പണ്ഡിതന്മാരുടെ എണ്ണം കൊണ്ട് സമ്പുഷ്ടമാണ് കേരളത്തിലെ ഇസ്ലാം. താൻ കണ്ടെത്തിയ വസ്തുതകൾ തെളിയിക്കുന്നതിന് മൗലവി ചേകനൂർ കോഴിക്കോട്, വണ്ടൂർ തുടങ്ങിയ സ്ഥലങ്ങളിൽ കോൺഫറൻസ് അറേഞ്ച് ചെയ്യുകയും, കേരളത്തിലെ മുപ്പതിലധികം വരുന്ന പണ്ഡിതന്മാരെ ക്ഷണിക്കുകയും ചെയ്തുവെങ്കിലും ആരും അതിൽ പങ്കെടുത്തില്ല എന്നാണ് ഈ ലേഖകനു മനസ്സിലാകുന്നത്. അതും കഴിഞ്ഞു വർഷങ്ങൾക്ക് ശേഷമാണ് മൗലവി വധിക്കപ്പെടുന്നത്.

ആവശ്യത്തിനും അനാവശ്യത്തിനും വിശ്വാസികളുടെ മേൽ ഫത്വകൾ ഇറക്കുന്ന യാഥാസ്ഥിതികമോ അല്ലാത്തതോ ആയ പണ്ഡിതന്മാരിൽ ചിലർ അദ്ദേഹത്തെ പണ്ഡിതമായി നേരിടാതെ കൊലപ്പെടുത്തുന്നതിന് കൂട്ട് നിന്നത് പരിതാപകരംതന്നെ. ഈ പ്രവൃത്തി സത്യത്തെ അവർ ഭയക്കുന്നു എന്നാണ് കാണിക്കുന്നത്. അനാഥകൾക്കു സംരക്ഷണം കൊടുക്കണമെന്ന് ദൈവം ഖുർആനിലൂടെ പറയുമ്പോൾ മൗലവിയുടെ കുടുംബത്തെ അനാഥമാക്കിയ ക്രൂരന്മാർക്ക് പടച്ചവനേ, നീ പൊറുത്തു കൊടുക്കരുതേ.

മുഹമ്മദ് നബിയുടെ വഫാത്തിനു ശേഷം, 30 വർഷത്തെ ഖലീഫമാരുടെ ഭരണത്തിന് ശേഷം സൗദിയിൽ 18 വർഷം ഭരണം നടത്തിയ മുആവിയാ ഭരണകൂടം നബി കുടുംബത്തോട് ക്രൂരത ചെയ്തുവെന്ന് കേരളത്തിലെ ചില പണ്ഡിതന്മാർക്ക് അറിയാമെങ്കിലും ഇസ്ലാം ഭരണ കാലഘട്ടത്തിലെ 'ഇരുണ്ട മുഖം' എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന ആ കാലഘട്ടം പല പണ്ഡിതന്മാരും മനപ്പൂർവം മറച്ചു വയ്ക്കുകയാണ്. ഈ കാലഘട്ടത്തെക്കുറിച്ച് മുസ്ലിംകളിലെ നിഷ്പക്ഷരും പക്ഷപാതികളും അന്വേഷിച്ചു വിലയിരുത്തേണ്ടതാണ്. അങ്ങനെ വിലയിരുത്തുമ്പോൾ മൂവാറ്റുപുഴയിലെ പ്രഫ. ജോസഫ് ചെയ്തത് എത്രയോ നിസ്സാരമാണെന്നു കാണാവുന്നതാണ്.

16-ാം നൂറ്റാണ്ടിലെ ഒരു സമുദായം സത്യം പറഞ്ഞതിന് സയന്റിസ്റ്റിനെ കൊന്നു. ഇന്നിതാ സത്യം പറഞ്ഞതിന്നു ഒരു മതനേതാവിനെയും. സാംസ്കാരിക പുരോഗതി നേടിയെന്നു മേനി നടിക്കുന്ന നമ്മൾ ചെയ്തതാണിത്. ഇപ്പോഴും ചിലർ മൗലവിയുടെ കൊലയെ ന്യായീകരിക്കുന്നുണ്ട്. നമുക്ക് പ്രിയപ്പെട്ട അച്ഛൻ, അമ്മ, സഹോദരങ്ങൾ എന്നിവർ മരിക്കുമ്പോഴേ നമ്മുടെ ദുഃഖം ഉണ്ടാകൂ. മൗലവിയുടെ ഭാര്യമാരുടെയും മക്കളുടെയും മറ്റു അടുത്ത ബന്ധുക്കളുടെയും ദുഃഖത്തിന്റെ കാഠിന്യം എത്ര വലുതായിരിക്കും. മേൽപ്പറഞ്ഞവർ കുറച്ചെങ്കിലും കാരുണ്യം ഈ കുടുംബത്തോട് കാണിച്ചിരുന്നുവെങ്കിൽ...

> **സത്യം 1000 വർഷം മൂടി വച്ചാലും അത് ഒരു നാൾ പൂർവാധികം ശക്തിയോടെ പുറത്തു വരും. അതുകൊണ്ട് മൗലവി ചേകനൂർ കണ്ടെത്തിയ സത്യങ്ങൾ ഒരു നാൾ പുറത്തു വരിക തന്നെ ചെയ്യും. സത്യത്തിനു നേരെ മുഖം തിരിക്കാൻ ഏത് ഇസത്തിനാണ് കഴിയുക? ഏത് വ്യക്തിക്കാണ് കഴിയുക?**

സത്യം 1000 വർഷം മൂടി വച്ചാലും അത് ഒരു നാൾ പൂർവാധികം ശക്തിയോടെ പുറത്തു വരും. അതുകൊണ്ട് മൗലവി ചേകനൂർ കണ്ടെത്തിയ സത്യങ്ങൾ ഒരു നാൾ പുറത്തു വരിക തന്നെ ചെയ്യും. സത്യത്തിനു നേരെ മുഖം തിരിക്കാൻ ഏത് ഇസത്തിനാണ് കഴിയുക? ഏത് വ്യക്തിക്കാണ് കഴിയുക? അല്ലാഹു മൗലവി ചേകനൂരിന്റെ ആത്മാവിനു ശാന്തി നൽകുമാറാകട്ടെ.

(prabhathashmi@yahoo.com)



## കോടതി പറഞ്ഞത്

# 'ചിന്തയിലും പ്രസംഗത്തിലും പ്രവൃത്തിയിലും മൗലവി പുരോഗമനാശയങ്ങൾ പ്രതിഫലിപ്പിച്ചു'

പൊതുസമൂഹത്തിൽ സജീവമായി പ്രവർത്തിച്ചയാൾ ആത്മഹത്യ ചെയ്യുമെന്നോ ഒളിച്ചിരിക്കുമെന്നോ കരുതാനാവില്ല. മൂർച്ചയേറിയ ആയുധത്തേക്കാൾ അപകടകാരിയാണ് കടുത്ത ശത്രുത. സമുദായത്തിൽ പുരോഗമന ആശയങ്ങൾ പ്രചരിപ്പിച്ച മൗലവി എതിരാളികൾക്ക് മാപ്പർഹിക്കാത്ത ശത്രുവാണ്. വൈരാഗ്യം തീർക്കാൻ കൊല ചെയ്തതാണെന്ന നിഗമനത്തിലെത്താം. ചിന്തയിലും പ്രസംഗത്തിലും പ്രവൃത്തിയിലും മൗലവി പുരോഗമന ആശയങ്ങൾ പ്രതിഫലിപ്പിച്ചു. മൗലവിയുടെ പുരോഗമന തത്വശാസ്ത്രത്തെ സഹിഷ്ണുതയോടെ കാണാൻ പ്രതികൾ തയ്യാറായിരുന്നില്ല. വ്യക്തിവൈരാഗ്യവും മതപരമായ ശത്രുതയും അക്രമവും മുൻനിർത്തി ക്രിമിനലുകൾ നിയമത്തിന് അപ്പുറമുള്ള സ്ഥാനം തേടുന്നത് നമ്മുടെ വികസ്വരമായ നിയമസംഹിതയിൽ അനുവദിച്ചുകൂടാ.

ഭർത്താവിനെ കൊലപ്പെടുത്താൻ വീട്ടിൽ നിന്ന് വിളിച്ചിറക്കിക്കൊണ്ടു പോയവരുടെ മുഖം ഭാര്യയെന്ന നിലയിൽ ഹവ്വാ ഉമ്മയ്ക്ക് മറക്കാനാവില്ല. തിരിച്ചെത്താൻ മൗലവി വൈകിയപ്പോൾ തന്നെ പ്രതികളുടെ മുഖം വീണ്ടും അവർ ഓർമിച്ചു തുടങ്ങിയിരിക്കും. മാജിക്ഷോയിൽ മനുഷ്യൻ അന്തരീക്ഷത്തിലേക്ക് മാഞ്ഞുപോവുകയോ അപ്രത്യക്ഷമാവുകയോ ചെയ്യുന്നതുപോലെയല്ല ഈ സംഭവം. ചേകനൂരിനെ കൊലപ്പെടുത്തിയയാൾക്ക് പുണ്യം കിട്ടുമെന്ന് കാന്തപുരം സുന്നികൾ വിശ്വസിച്ചിരുന്നു. മൗലവിയെ വധിച്ചതിലൂടെ അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രം തകർക്കാനാണ് ശ്രമിച്ചത്. ആശയങ്ങളെ ആശയപരമായി നേരിടുന്നതിന് പകരം മൗലവിയെ ഇല്ലാതാക്കാനാണ് അവർ തീരുമാനിച്ചത്.



# മുഹാജിറിന്റെ കേസ് ഡയറി കോടതിയിലെത്തിയില്ല

**ഖുർആൻ സുന്നത്ത് സൊസൈറ്റിയെയും മൗലവി ചേകനൂരിന്റെ കുടുംബാംഗങ്ങളെയും പ്രതിനിധീകരിച്ച് ചേകനൂർ കേസിൽ കോടതിയിൽ ഹാജരായ കെ.കെ. സാലിം ഹാജി കേസിനെ വിലയിരുത്തുകയാണിവിടെ. സൊസൈറ്റി സംസ്ഥാന പ്രസിഡന്റും ചേകനൂരിന്റെ അമ്മാവനുമായ സാലിം ഹാജിയായിരുന്നു കേസിലെ ഒന്നാം സാക്ഷി.**

1993 ജൂലൈ 29 നാണ് മൗലവി ചേകനൂരിനെ കാണാതാവുന്നത്. ജൂലൈ 31 ന് ഈയുള്ളവൻ പൊന്നാനി പൊലീസിൽ പരാതി നൽകി. പിന്നീട് ചേകനൂരിന്റെ ഭാര്യാ പിതാവിന്റെ ജ്യേഷ്ഠനും പ്രമുഖ സ്വാതന്ത്ര്യ സമര സേനാനിയും കോൺഗ്രസ് നേതാവുമായ ഇ. മൊയ്തു മൗലവി അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരനെ കണ്ടു. ലോക്കൽ പൊലീസ് അന്വേഷിച്ചാൽ ഈ കേസിന് തുമ്പുണ്ടാക്കാൻ പ്രയാസമാണെന്നും അന്വേഷണം സിബിഐയെ ഏൽപ്പിക്കണമെന്നും കരുണാകരനോട് മൊയ്തു മൗലവി ആവശ്യപ്പെട്ടു. വന്ദ്യവയോധികനായ മൊയ്തു മൗലവിയുടെ അപേക്ഷയെ തുടർന്ന് അപ്പോൾ തന്നെ ക്രൈംബ്രാഞ്ച് ഡിഐജി സത്താർ കുഞ്ഞിന് അന്വേഷണച്ചുമതല കൈമാറുകയാണ് മുഖ്യമന്ത്രി ചെയ്തത്. മൊയ്തു മൗലവി ആവശ്യപ്പെട്ടത് സിബിഐ അന്വേഷണം. കരുണാകരൻ ഉത്തരവിട്ടതാകട്ടെ ക്രൈംബ്രാഞ്ച് അന്വേഷണത്തിനും! കേസ് സിബിഐയെ ഏല്പിച്ചു എന്ന് മൊയ്തു മൗലവിയെ അദ്ദേഹം തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു!! ചേകനൂർ കേസിന്റെ താളപ്പിഴകൾ ഇവിടം മുതൽ തുടങ്ങുന്നു.

ക്രൈംബ്രാഞ്ച് അന്വേഷണം എവിടെയുമെത്താതെ ഇരുട്ടിൽ തപ്പി നീങ്ങുകയായിരുന്നു. ഖുർആൻ സുന്നത്ത് സൊസൈറ്റിയും ചേകനൂരിന്റെ കുടുംബാംഗങ്ങളുമെല്ലാം നിരന്തരം സമരപരിപാടികളുമായി മുന്നേറി. സെക്രട്ടറിയേറ്റ് ധർണ, മനുഷ്യച്ചങ്ങല തുടങ്ങിയ പല സമരമാർഗങ്ങളും നടന്നു. ആക്ഷൻ കമ്മിറ്റിയുടെയും ബിജെപി, കോൺഗ്രസ്, സിപിഎം, മുസ്ലിം ലീഗ് എന്നീ രാഷ്ട്രീയ പ്പാർട്ടികളുടെ പ്രാദേശിക നേതാക്കളുടെയും മതസംഘടനയായ നദ്വത്തുൽ മുജാഹിദീന്റെയുമെല്ലാം സഹായ സഹകരണങ്ങൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. ഒടുവിൽ

(ശേഷം 3-ാം പേജിൽ)

# കേസിന്റെ നാൾവഴി

**1993 ജൂലൈ 29**
എടപ്പാൾ കാവിൽപ്പടിയിലെ പികെഎം മൻസിലിൽ നിന്ന് മൗലവി ചേകനൂരിനെ രണ്ട് യുവാക്കൾ മതപ്രഭാഷണത്തിനെന്ന് പറഞ്ഞ് വിളിച്ചുകൊണ്ടു പോകുന്നു.

**1993 ജൂലൈ 31**
മൗലവിയെ കാണാനില്ല എന്നു പറഞ്ഞ് അമ്മാവൻ കെ.കെ. സാലിം ഹാജി പൊന്നാനി പൊലീസിൽ പരാതി കൊടുക്കുന്നു.

**1993 ഓഗസ്റ്റ് 16**
കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുക്കുന്നു.

**1995 നവംബർ 10**
കേസ് സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ (സിബിഐ) ഏറ്റെടുക്കുന്നു.

**1996 സെപ്റ്റംബർ 10**
സിബിഐ കേസന്വേഷണം ആരംഭിക്കുന്നു.

**2000 നവംബർ 8**
മൗലവിയെ ശ്വാസം മുട്ടിച്ചു കൊന്നു എന്ന് സിബിഐ കണ്ടെത്തുന്നു.

**2000 നവംബർ 27**
മൗലവി വധത്തിൽ പങ്കാളികളായ ആലങ്ങോട് സ്വദേശി വി.വി. ഹംസ, കുഴിമണ്ണ സ്വദേശി ഇല്യൻ ഹംസ എന്നിവർ അറസ്റ്റിൽ.

**2000 നവംബർ 29**
മൗലവിയുടെ ഭൗതികാവശിഷ്ടങ്ങൾക്കായി പുളിക്കലിന് സമീപം അരൂർ ചുവന്നകുന്നിൽ തിരച്ചിൽ ആരംഭിക്കുന്നു.

**2000 ഡിസംബർ 11**
ഗൾഫ് നാടുകളിൽ കഴിയുന്ന നാല് പ്രതികളെ വിട്ടുകിട്ടാൻ സിബിഐ ആഭ്യന്തര മന്ത്രാലയത്തിന് അപേക്ഷ നൽകുന്നു.

**2001 ജനുവരി 19**
കേസിലെ മറ്റൊരു പ്രതി സൗത്ത് കളമശ്ശേരിക്കാരനായ പി.കെ. സൈഫുദ്ദീൻ കൂടി പിടിയിൽ.

**2002 മാർച്ച് 3**
അന്വേഷണച്ചുമതല സിബിഐ ചെന്നൈ യൂനിറ്റിലെ വി.ടി. നന്ദകുമാർ ഏറ്റെടുക്കുന്നു.

**2002 നവംബർ**
മെറ്റൽ ഡിറ്റക്ടർ അടക്കമുള്ള സംവിധാനങ്ങളുപയോഗിച്ച് ചുവന്നകുന്നിൽ വീണ്ടും പരിശോധന.

**2002 ഡിസംബർ 16**
വി.വി. ഹംസയെ ഒന്നാം പ്രതിയാക്കി ഒമ്പത് പേർക്കെതിരെ കുറ്റപത്രം.

**2005 ജൂലൈ 20**
എറണാകുളം സബ് ജയിലിൽ നടന്ന പ്രതികളുടെ തിരിച്ചറിയൽ പരേഡിൽ ഒന്നാം പ്രതി വി.വി. ഹംസയെ ഹവ്വാ ഉമ്മ തിരിച്ചറിയുന്നു. (ഇതേ വർഷം തന്നെ കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാരെ പ്രതിയാക്കണമെന്ന ഹവ്വാ ഉമ്മയുടെ ആവശ്യത്തെത്തുടർന്ന് സിബിഐ പ്രത്യേക കോടതി ജഡ്ജി കമാൽ പാഷ കാന്തപുരത്തെ 10-ാം പ്രതിയാക്കുന്നു. പിന്നീട് ഹൈക്കോടതി ഇത് റദ്ദാക്കുന്നു. ഇതിനെതിരെ കെഎസ്എസ് സുപ്രീം കോടതിയിൽ നൽകിയ ഹർജിയും തള്ളുന്നു.)

**2008 മാർച്ച്**
വിദേശത്തേക്ക് കടന്ന അഞ്ച് സാക്ഷികളുടെ സ്വത്ത് കണ്ടുകെട്ടാൻ സിബിഐ കോടതി ഉത്തരവ്.

**2010 ജൂലൈ 29**
കോടതിയിൽ വാദിഭാഗം വിചാരണ പൂർത്തിയാവുന്നു.

**2010 സെപ്റ്റംബർ 22**
പ്രതിഭാഗം വിചാരണ പൂർത്തിയാവുന്നു.

**2010 സെപ്റ്റംബർ 29**
ഒന്നാം പ്രതി വി.വി. ഹംസ കുറ്റക്കാരനെന്ന് കോടതി വിധിക്കുന്നു. മറ്റു എട്ട് പ്രതികളെ വെറുതെ വിടുന്നു.

**2010 സെപ്റ്റംബർ 30**
വി.വി. ഹംസയ്ക്ക് വധശിക്ഷ നൽകണമെന്ന് സിബിഐ പ്രോസിക്യൂട്ടർ കെ.എൻ. രവീന്ദ്രൻ കോടതിയിൽ ആവശ്യപ്പെടുന്നു. പ്രത്യേക കോടതി ജഡ്ജി എസ്. വിജയകുമാർ ഒന്നാം പ്രതിക്ക് ഇരട്ട ജീവപര്യന്തം കഠിന തടവും ഒരു ലക്ഷം രൂപ പിഴയും ശിക്ഷ വിധിക്കുന്നു. ശിക്ഷ ഒരുമിച്ചനുഭവിച്ചാൽ മതിയെന്നും വിധി. പിഴത്തുക മൗലവിയുടെ പത്നിമാരായ ഹവ്വാ ഉമ്മയ്ക്കും സുബൈദയ്ക്കും തുല്യമായി വീതിച്ചു നൽകണം. നൽകിയില്ലെങ്കിൽ പ്രതി ഒരു വർഷം കൂടി കഠിന തടവ് അനുഭവിക്കണം.

മൗലവിയുടെ മൃതദേഹം കൊണ്ടോട്ടി കിഴിശ്ശേരി സ്കൂളിനടുത്തുള്ള കിണറ്റിലിട്ട് മൂടി അതിന് മുകളിലൂടെ റോഡ് നിർമിച്ചതായി ഇതേദിവസം തന്നെ മലപ്പുറം ജില്ലക്കാരനായ ഒരാളുടെ വെളിപ്പെടുത്തൽ. ഇക്കാര്യം മൗലവിയുടെ മരുമകൻ അയ്യൂബ് പൊന്നാനി പൊലീസിനും, പൊലീസ് സിബിഐക്കും കൈമാറുന്നു.

**2010 ഒക്ടോബർ 1**
പുതിയ വെളിപ്പെടുത്തൽ ഉണ്ടായ സ്ഥിതിക്ക് നിജസ്ഥിതി അന്വേഷിച്ചറിയുക തന്നെ ചെയ്യുമെന്ന് സിബിഐ വൃത്തങ്ങൾ.

**2010 ഒക്ടോബർ 11**
ശിക്ഷയ്ക്കെതിരെ വി.വി. ഹംസ ഹൈക്കോടതിയിൽ അപ്പീൽ നൽകുന്നു.

❁

### മുഹാജിറിന്റെ...

സിബിഐ അന്വേഷണത്തിന് ഹൈക്കോടതിയുടെയും കേന്ദ്ര സർക്കാരിന്റെയും ഉത്തരവ് ഒരുമിച്ച് വന്നു.

കേന്ദ്ര അന്വേഷണ ഏജൻസിയായ സിബിഐയുടെ അന്വേഷണം തുടക്കത്തിൽ വളരെ കാര്യക്ഷമമായാണ് നീങ്ങിയത്. എന്നാൽ സിബിഐ ഉദ്യോഗസ്ഥരുടെ കൂടെക്കൂടെയുള്ള സ്ഥലംമാറ്റം അന്വേഷണപുരോഗതിക്ക് വലിയ തടസ്സമായി നിന്നു. എങ്കിലും 1998 ആയപ്പോഴേക്കും അന്വേഷണം ഒന്നുഷാറായി. ഈ സംഭവത്തിന് പിന്നിൽ പ്രവർത്തിച്ചതാര്, എന്തിന്; എപ്പോൾ; എവിടെവച്ച് മൗലവിയെ വധിച്ചു, പ്രധാന പ്രതികൾ ആരൊക്കെ തുടങ്ങിയ ചോദ്യങ്ങൾക്കെല്ലാം വ്യക്തമായ ഉത്തരങ്ങളും തെളിവുകളും കണ്ടെത്തി. എന്നാൽ ഈ സമയത്തും അന്വേഷണോദ്യോഗസ്ഥരെ സ്ഥലം മാറ്റിയത് പ്രധാനപ്പെട്ട പ്രതികൾക്ക് രക്ഷപ്പെടാൻ മാർഗമൊരുക്കി. ലഭ്യമായ തെളിവുകൾ മുഴുവനും കാണിക്കാതെ അപൂർണമായ തെളിവുകൾ രേഖപ്പെടുത്തി കോടതിയിൽ സമർപ്പിക്കുകയാണ് ചെയ്തത്. അന്വേഷണോദ്യോഗസ്ഥനായ മുഹാജിറിന്റെ കേസ് ഡയറി ഇതുവരെ കോടതിയിലെത്തിയിട്ടില്ല.

അന്വേഷണത്തിന്റെ വഴി തിരിച്ചുവിടാൻ പല ഉന്നത കേന്ദ്രങ്ങളിൽനിന്നും നീക്കങ്ങളുണ്ടായിട്ടുണ്ട്. പ്രധാന സാക്ഷികളിൽ പലരും കൂറുമാറിയെങ്കിലും അതിനെയെല്ലാം മറികടന്ന് ലഭ്യമായ തെളിവുകൾ ശക്തമായിത്തന്നെ ഞങ്ങൾക്ക് കോടതിയെ ബോധിപ്പിക്കാൻ സാധിച്ചു. കുറ്റവാളികളെ മുഴുവനും ശിക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിലും മൗലവി വധിക്കപ്പെട്ടുവെന്നും പ്രതികൾ മുഴുവൻ ഭീകരവാദ പ്രസ്ഥാനങ്ങളുടെ വക്താക്കളാണെന്നും മൗലവി വധം ക്രൂരവും പൈശാചികവുമായ പ്രവർത്തനമാണെന്നും കോടതി അംഗീകരിച്ചതു തന്നെ വലിയ കാര്യമാണ്. പ്രധാന പ്രതി കാഴ്ചക്കാരനായി നിൽക്കുന്ന അവസ്ഥ ഈ കേസിൽ ഇന്നും നിഴലിക്കുന്നുണ്ട്. ഇക്കാര്യവും നീതിപീഠത്തിന്റെ മുന്നിലെത്തിയിട്ടുണ്ട്.

ഏതായാലും ദൈവാനുഗ്രഹം കൊണ്ട് സുപ്രധാനമായൊരു വിധിയുണ്ടായിരിക്കയാണ്. ഇതിന് സഹായിച്ച സിബിഐ പ്രോസിക്യൂട്ടർ കെ.എൻ. രവീന്ദ്രൻ, അഡ്വക്കറ്റുമാരായ പ്രേംരാജ്, സി.എസ്. മനു, കെഎസ്എസ് പ്രവർത്തകർ, മേൽപ്പറഞ്ഞ സംഘടനകൾ, ആക്ഷൻ കമ്മിറ്റി തുടങ്ങിയവരുടെയെല്ലാം സഹായങ്ങൾക്കും സഹകരണങ്ങൾക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു. ❁

# പ്രതികരണങ്ങൾ

## ചേകനൂർ വലിയ പണ്ഡിതനായിരുന്നുവെന്നതിൽ സംശയമില്ല: വർത്തമാനം



ഒരു പ്രതി ശിക്ഷിക്കപ്പെടുന്നുവെന്നത് ആശ്വാസകരമാണെങ്കിലും യഥാർഥ പ്രതികൾ എവിടെയോ ഇരുന്ന് സന്തോഷിക്കുന്നുവെന്ന് ഉറച്ചുവിശ്വസിക്കുന്നവരാണ് മൗലവിയുടെ ബന്ധുക്കളും സുഹൃത്തുക്കളും. ചേകനൂർ മൗലവിയോട് എന്തെല്ലാം വിയോജിപ്പുകളുണ്ടെങ്കിലും അദ്ദേഹം വലിയൊരു പണ്ഡിതനായിരുന്നുവെന്നതിൽ ആർക്കും സംശയമുണ്ടാവില്ല. അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളെയും നിശിതമായ വിമർശനങ്ങളെയും വലിയ ജാലകങ്ങൾ ഉപേക്ഷിച്ച് ചെറിയ സുഷിരങ്ങളിലൂടെ കാണാൻ ശ്രമിച്ചവരാണ് കഥകഴിക്കലിന്റെ പ്രാകൃതപാത തിരഞ്ഞെടുത്തിട്ടുണ്ടാവുക.

*('വർത്തമാനം' എഡിറ്റോറിയലിൽ നിന്ന്, 30-09-2010)*

## ഗൂഢാലോചന തെളിഞ്ഞത് നീതിശാസ്ത്രത്തിന്റെ വിജയം: മംഗളം



കേസിൽ ബന്ധപ്പെട്ട എല്ലാ പ്രതികളെയും വെളിച്ചത്തു കൊണ്ടുവരേണ്ടതും ശിക്ഷിക്കപ്പെടേണ്ടതും നീതിനടത്തിപ്പിന് ആവശ്യമായിരുന്നു. പക്ഷേ തെളിവുകൾ പലതും നശിപ്പിക്കപ്പെട്ടതിനാൽ പലരും രക്ഷപ്പെട്ടു. ഗൂഢാലോചന തെളിഞ്ഞതു തന്നെ നീതിശാസ്ത്രത്തിന്റെ വിജയമായി കണക്കാക്കാം.

('മംഗളം' എഡിറ്റോറിയലിൽ നിന്ന്, 30-09-2010).

## ഒരാൾക്ക് മാത്രം കൊല്ലാൻ കഴിയില്ല: ഹവ്വാ ഉമ്മ

(ചേകനൂരിന്റെ പത്നി)



വിധി വന്നതിൽ സന്തോഷമുണ്ട്. ഒരാൾക്ക് മാത്രമായി ഇങ്ങനെ ആസൂത്രിതമായി കൊലപാതകം നടത്താൻ കഴിയുമോ? പ്രധാന പ്രതി ഒഴികെ മറ്റുള്ളവരെ വെറുതെ വിട്ടതിൽ വിഷമമുണ്ട്. എന്തിനാണ് ഒരാളെ മാത്രം ശിക്ഷിച്ചതെന്ന് അറിയില്ല. വധത്തിന് പിന്നിൽ ഒരു ഗൂഢസംഘം പ്രവർത്തിച്ചിട്ടുണ്ടെന്ന് ഉറപ്പാണ്. മൃതദേഹം എന്തു ചെയ്തെന്ന് വെളിപ്പെടുത്തണം.



## ആശ്വാസം: സുബൈദ

(ചേകനൂരിന്റെ പത്നി)

കോടതി വിധി ആശ്വാസം പകരുന്നതാണ്. എങ്കിലും എല്ലാവർക്കും ശിക്ഷ ലഭിക്കണമെന്നാണ് ആഗ്രഹം.

## ധാരണകൾ തിരുത്തപ്പെട്ടു: ആസിഫ് (മകൻ)



മൃതദേഹം കണ്ടു കിട്ടാത്തതു കൊണ്ട് തെളിവിന്റെ അഭാവത്തിൽ ഈ കേസിൽ ഒരാൾപോലും ശിക്ഷിക്കപ്പെടില്ല എന്ന പ്രതികളുടെ ധാരണ തിരുത്തപ്പെട്ടു. അതു തന്നെ വിജയമാണ്. മറ്റു പ്രതികളും കൊലപാതകത്തിന്റെ സൂത്രധാരനും കൂടി ശിക്ഷിക്കപ്പെടണം എന്നാണാഗ്രഹം.

## കാത്തിരിപ്പിനറുതി: യാസർ (മകൻ)



നീണ്ട കാത്തിരിപ്പിനൊടുവിൽ ഇങ്ങനെയെങ്കിലും ഒരു വിധി വന്നല്ലോ. ആശ്വാസം. ഭാഗികമായെങ്കിലും നീതി കിട്ടിയതിൽ സന്തോഷം.

# പ്രതികരണങ്ങൾ

## ഗൂഢാലോചന നടത്തിയവർ വേറെ: ഫിയാസ് (മകൻ)



ഉപ്പയെ കൊന്നവരെ കോടതി വെറുതെ വിട്ടാലും അവർ ഞങ്ങളുടെ മനസ്സിൽ കുറ്റവാളികൾ തന്നെയാണ്. ഒന്നാം പ്രതിയെയെങ്കിലും കോടതി ശിക്ഷിച്ചതിൽ സന്തോഷമുണ്ട്. മറ്റു പ്രതികളെ വെറുതെ വിട്ടെങ്കിലും അവർ ഞങ്ങളോട് മാപ്പ് പറയും വരെ കുറ്റവാളികൾ തന്നെയാവും. പ്രതികളെ മുഴുവൻ സിബിഐ പിടിച്ചതായി വിശ്വസിക്കുന്നില്ല. ഗൂഢാലോചന നടത്തിയവർ വേറെയുണ്ട്.

## മുഖ്യപ്രതി പുറത്ത്: സുഹറാ നസീറുദ്ദീൻ (മകൾ)



ശിക്ഷിക്കപ്പെട്ടത് 'കരു' മാത്രമാണ്. ബാപ്പയുടെ ദാരുണമായ കൊലപാതകവുമായി ബന്ധപ്പെട്ട് ഇത്തരത്തിലെങ്കിലും ഒരു വിധിയുണ്ടായതിൽ ആശ്വാസമുണ്ട്. കൊലപാതകത്തിന് പദ്ധതി തയ്യാറാക്കിയവരിൽ മുഖ്യ പങ്കു വഹിച്ചയാൾ ഇനിയും വിചാരണ ചെയ്യപ്പെട്ടിട്ടില്ല. കോടതിയിൽ പൂർണ വിശ്വാസമുണ്ട്. എന്നാൽ തെളിവുകൾ മുഴുവൻ കോടതിക്ക് മുന്നിൽ എത്തിക്കുന്നതിൽ സിബിഐ വിജയിച്ചില്ലെന്നു വേണം കരുതാൻ. ജീവിതകാലം മുഴുവൻ തടവറയിൽ കഴിഞ്ഞ് ചേകനൂരിന്റെ ആദർശങ്ങൾ ഉൾക്കൊള്ളാൻ പ്രതിക്ക് കഴിയട്ടെ.

## മൗലവിക്കും കുടുംബമുണ്ടായിരുന്നു: റസിയ (മകൾ)



തനിക്ക് ഭാര്യയും കുട്ടികളുമുണ്ടെന്നും അതിനാൽ ശിക്ഷ ഇളവ് ചെയ്യണമെന്നും കോടതിയോട് ആവശ്യപ്പെട്ട പ്രതി, മൗലവി കൊല്ലപ്പെടുമ്പോൾ അദ്ദേഹത്തിനും ഭാര്യയും മക്കളും ഉണ്ടായിരുന്നുവെന്ന കാര്യം ഓർക്കണമായിരുന്നു. പ്രതിക്ക് കടുത്ത ശിക്ഷ തന്നെ നൽകേണ്ടതായിരുന്നു.

## ദുഃഖം അഭിമാനമായി: സൽമാ ഇഖ്ബാൽ (മകൾ)



പിതാവ് നഷ്ടപ്പെട്ട ഏതൊരു മക്കളെയും പോലെ അതീവദുഃഖത്തിലായിരുന്നു ഉപ്പയെ നഷ്ടപ്പെട്ട ആദ്യനാളുകളിൽ ഞങ്ങൾ. പിന്നെ ഉപ്പയുടെ ജീവിതവും സമരവും ത്യാഗവും അവസാനം രക്തസാക്ഷിത്വവും ബോധ്യമായപ്പോൾ പതുക്കെ പതുക്കെ ആ ദുഃഖം അഭിമാനമായി മാറുകയാണുണ്ടായത്. സ്വാഭാവിക മരണത്തിന് പകരം ഉപ്പയുടെ അന്ത്യം ഇത്തരത്തിൽ വിവാദമാക്കുകയും വർഷങ്ങളോളം ചർച്ചാ വിഷയമാക്കുകയും ചെയ്യുക വഴി സർവശക്തൻ ഉദ്ദേശിച്ചത് ജനത്തിന്റെ ശ്രദ്ധ വിശുദ്ധ ഖുർആനിലേക്ക് തിരിക്കുക എന്നതായിരിക്കണം.

## നീതിന്യായ വ്യവസ്ഥയോടുള്ള വിശ്വാസം നഷ്ടപ്പെടുത്തരുത്: ഫഹദ് (മകൻ)



വൈകിക്കിട്ടുന്ന നീതി, നീതി നിഷേധത്തിന് തുല്യമാണ് എന്നാണ് പറയാറ്. നമ്മുടെ സമ്പ്രദായത്തിന്റെ കുഴപ്പമാണത്. ഈ കേസിൽ പണം കൊണ്ടും സ്വാധീനം കൊണ്ടുമെല്ലാം പ്രതികളേറെയും രക്ഷപ്പെട്ടു. നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസം ജനത്തിന് നഷ്ടപ്പെടാനിടയാക്കുന്ന വിധത്തിലുള്ള കോടതി വിധികൾ ഉണ്ടാവരുതെന്നാണ് പറയാനുള്ളത്.

# മൗലവി ചേകനൂരിന്റെ ജീവിതസാക്ഷ്യം

അബ്ദുസ്സലാം ചേക്കരാത്ത്
cmtkss@yahoo.co.in



**താൻ ചതിക്കപ്പെട്ടു എന്ന് ബോധ്യം വന്നപ്പോഴും നനഞ്ഞ തോർത്തുമുണ്ട് തന്റെ കഴുത്തിൽ ബലമായി മുറുകുന്നുണ്ടെന്ന് തിരിച്ചറിഞ്ഞപ്പോഴും ഖുർആൻ നിഷേധികൾക്കു മുന്നിൽ മുട്ടുമടക്കാൻ അദ്ദേഹം തയ്യാറായില്ല. മൗലവിയെ കയറ്റിയ വാഹനത്തിൽ വച്ചുതന്നെ അവർ അദ്ദേഹത്തിന് 'വർക്ക്' കൊടുത്തു.**

അവൻ സംസാരിക്കൂ'' എന്നിങ്ങനെ മൗലവി ചേകനൂരിനെ ചൂണ്ടി ആണയിട്ടിരുന്ന അന്തർദേശീയ ഉലമാ കൗൺസിലുകൾക്കു മുന്നിലെ ചോദ്യച്ചിഹ്നമായാണ് മൗലവി ചേകനൂർ എന്ന ഖുർആൻ പണ്ഡിതന്റെ കൊലപാതകം എത്തിനിൽക്കുന്നത്.

ഖുർആനിക സംസ്കാരത്തിന് പകരം ഹദീസ് സംസ്കാരത്തെ അന്ധമായി വിശ്വസിക്കുകയും അനുകരിക്കുകയും ചെയ്യുന്ന എല്ലാ സംഘടനകളും അവരുടെ ഇമാമുമാരും മൗലവി സംഭവത്തിന് ശേഷം നടന്നുകൊണ്ടിരിക്കുന്ന ഖുർആൻ തരംഗത്തിന്റെ ഗതി ഗൗരവത്തിലെടുക്കേണ്ടതാണ്. ഏറ്റവും മുന്തിയ ഹദീസ് സമാഹാരങ്ങളാണ് സ്വഹീഹുൽ ബുഖാരിയും സ്വഹീഹുൽ മുസ്ലിമും കാത്തുസൂക്ഷിക്കുന്നതെന്ന വാദഗതികൾ മൗലവി വധത്തോടെ തകർന്നു മണ്ണടിഞ്ഞിരിക്കുന്നു.

വാറോല പ്രമാണങ്ങളെയും അതിന്റെ സ്രഷ്ടാക്കളെയും മഹത്വവൽക്കരിക്കുന്നവർ ഇനിയെങ്കിലും ഒരു പുനർവിചിന്തനത്തിന് വിധേയരാവണം.

ഇസ്ലാമെന്ന പ്രത്യയശാസ്ത്രത്തെ അക്രമിച്ചൊതുക്കാൻ ശത്രുക്കൾ തയ്യാറാക്കിയിരുന്നത് രാസായുധങ്ങളായിരുന്നില്ല. ഖുർആനിൽ വേണ്ടത്ര വിവരണങ്ങൾ കാണുക സാധ്യമല്ലെന്നും അല്ലാഹുവിന്റെ കല്പനകളുടെ പ്രാവർത്തികരൂപം വി. ഖുർആനിൽ ഇല്ലെന്നും അതിലെ നിയമസംഹിതകളെ വിവരിച്ചു കൊണ്ടൊരു ഹദീസ് കൃതി എഴുതുവാനുള്ള സാക്ഷരതപോലും മുഹമ്മദ് നബിക്കില്ലായിരുന്നുവെന്നും ആയതിനാൽ അബൂഹുറയ്റയെപ്പോലുള്ള വ്യക്തികൾ ജനിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഇസ്ലാം മതം തന്നെ ലോകത്തിനു കണികാണാൻ പോലും പറ്റുമായിരുന്നില്ലെന്നുമൊക്കെയുള്ള ശുദ്ധനുണകൾ പ്രചാരത്തിൽ വരുത്തിയാണ് ശത്രുക്കൾ ഖുർആനിലെ ദർശനങ്ങളെ നശിപ്പിച്ചു കൊണ്ടിരിക്കുന്നത്.

നബിചര്യ എന്ന പേരിൽ 10 ലക്ഷത്തിൽപരം ഹദീസുകൾ നെയ്തുണ്ടാക്കിയവർ അവ സ്വീകാര്യം, ദുർബലം എന്നിങ്ങനെ രണ്ടായി പകുത്തു. ഇതിൽനിന്ന് 'മുത്തഫക്കുൻ അലൈഹി' എന്നൊരു വിഭാഗവും സൃഷ്ടിച്ചെടുത്തു. രണ്ടു തരം നുണകളെയും ഉരുക്കിച്ചേർത്ത് 'ഇമ്മിണി വലിയ' ശുദ്ധ നുണയെ വെള്ളപൂശി എടുത്തിരിക്കുന്നത് മുത്തഫക്കുൻ അലൈഹിയിലൂടെയാണ്. സർവർക്കും സ്വീകാര്യമെന്ന് തോന്നിപ്പിക്കാനും സർവരും സ്വീകരിക്കേണ്ടതുതന്നെയാണെന്ന് തെറ്റിദ്ധരിപ്പിക്കാനും വേണ്ടിയാണ് 'സിഹാഹുസ്സിത്ത' (പ്രമാണയോഗ്യരായ ആറുവ്യക്തികൾ തയ്യാറാക്കിയത്) എന്നൊരു വിഭാഗത്തെക്കൂടി ഉണ്ടാക്കിത്തീർത്തത്. വർഷങ്ങൾ നീളുന്ന പഠനങ്ങൾ പുരോഗമിക്കുന്തോറും ദുർബോധത്തിന്റെ തെരുവിൽ നിന്നു ജന്മംകൊണ്ട രണ്ടാം പ്രമാണങ്ങൾ പലതും ദുർബലമാണെന്നു പണ്ഡിത സമൂഹം അവരുടെ അനുയായികളോട് പറഞ്ഞുകൊണ്ടിരിക്കുന്നത് ഖുർആന്റെ മാത്രം വിജയമാണ്.

ഹദീസുകൾ കൂടാതെ ഖുർആനികാശയങ്ങൾ കണ്ടെത്തുക സാധ്യമല്ലെന്ന നുണബോംബുകളെ നിർവീര്യമാക്കുന്നതായിരുന്നു മൗലവി ചേകനൂരിന്റെ കൃതികൾ. അദ്ദേഹത്തിന്റെ വെളിപ്പെടുത്തലുകൾക്കെതിരെ പ്രയോഗിക്കാൻ പറ്റിയ ആശയായുധമൊന്നും കിട്ടാതെവന്നപ്പോൾ ഹദീസ് ഭക്തർക്കുമുന്നിൽ തെളിഞ്ഞു വന്നവഴിയാണ് 'വകവരുത്തൽ.' ചേകനൂരിന് 'വർക്ക്' കൊടുക്കാൻ സമയമായെന്ന് ചിലർ ഫത്വ കൊടുത്തതോടെ പാവം മൗലവിയുടെ നാളുകളും എണ്ണപ്പെട്ടു. നിഷ്കളങ്കനും വിശാല ഹൃദയനും ദയാലുവുമാ

(ശേഷം 5-ാം പേജിൽ )

## സിബിഐ വിചാരിച്ചിരുന്നുവെങ്കിൽ ഗതി മറ്റൊന്നാകുമായിരുന്നു: കെ.എം. ഇഖ്ബാൽ (മരുമകൻ)



"നിയമം ഒരു ചിലന്തി വലയാണ്. ചെറുപ്രാണികൾ അതിൽ കുടുങ്ങിപ്പോകുന്നു. വമ്പന്മാർ വലഭേദിച്ചു കടന്നുപോകുന്നു'' എന്ന ആപ്തവാക്യത്തെ അനുസ്മരിപ്പിക്കുന്നതാണ് മൗലവി ചേകനൂർ കേസിലെ കോടതി വിധി. ഇവിടെ കുറ്റം കോടതിയുടേതല്ല; കോടതിക്ക് മതിയായ തെളിവുകൾ ഹാജരാക്കാത്ത സിബിഐയുടേതാണ്. അഭയ കേസിലും കുറ്റാരോപണവിധേയരായ പുരോഹിതർക്കെതിരെ തെളിവുകൾ ഇല്ല എന്ന നിലപാടായിരുന്നു തുടക്കത്തിൽ സിബിഐ എടുത്തിരുന്നത്. എന്നാൽ കോടതിയുടെ നിരന്തര ഇടപെടൽ മൂലം ആരോപണവിധേയരായ അച്ചന്മാരെ നാർകോ അനാലിസിസ്, പോളിഗ്രാഫ് ടെസ്റ്റുകൾക്ക് വിധേയമാക്കിയപ്പോൾ കേസിന്റെ ഗതി തന്നെ മാറി. യഥാർഥ കുറ്റവാളികളുടെ മുഖം നാം കണ്ടു. അത്തരത്തിലൊരു നടപടി ചേകനൂർ കേസിൽ ഉണ്ടായില്ല എന്നതാണ് സിബിഐയുടെ നീക്കങ്ങളിൽ സംശയം ജനിപ്പിക്കുന്നത്. ചേകനൂർ കേസിൽ പ്രതിയാണെന്ന് ആരോപിക്കപ്പെട്ട കാന്തപുരത്തെ അത്തരം ടെസ്റ്റുകൾക്ക് സിബിഐ വിധേയമാക്കിയിരുന്നുവെങ്കിൽ കേസിന്റെ ഗതി മറ്റൊന്നാകുമായിരുന്നു. അതിൽ നിന്ന് സിബിഐയെ പിന്തിരിപ്പിച്ച ഘടകം എന്താണെന്നത് അജ്ഞാതമാണ്. ഒരു കാര്യം വ്യക്തമാണ്. അഭയകേസിലെ പ്രതികളായ അച്ചന്മാർക്ക് സ്വന്തമായി വോട്ട് ബാങ്കില്ല. അവർ കൾട് ലീഡേഴ്സും ആയിരുന്നില്ല.

# ‘ശിക്കാറും’ മൗലവി വധവും

ബി.വി.എസ്.

ഈയിടെ പുറത്തിറങ്ങിയ ‘ശിക്കാർ’ എന്ന മലയാള സിനിമ കണ്ടവരുടെ മനസ്സിലേക്ക് മൗലവി ചേകനൂർ ഓടിയെത്തിയിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. നേരത്തെ തയ്യാറാക്കിയ തിരക്കഥ അനുസരിച്ച് മൗലവിയെ വീട്ടിൽ നിന്ന് വിളിച്ചിറക്കി കൊണ്ടുപോയി വധിച്ച സംഭവവുമായി സാമ്യമുള്ളതാണ് ശിക്കാറിന്റെ കഥ.

ആന്ധ്രാ പ്രദേശിലെ ജനപ്രിയനായ അബ്ദുല്ല എന്ന നേതാവ് (പാവങ്ങളുടെ പടത്തലവനായ ഇദ്ദേഹം ഡോക്ടർ കൂടിയാണ്) ഭരണകൂടത്തിന് നിരന്തരം തലവേദന സൃഷ്ടിച്ചപ്പോൾ അദ്ദേഹത്തെ പിടികൂടാൻ പൊലീസ് പ്രത്യേക സ്ക്വാഡിനെ നിയമിക്കുന്നു. പ്രസ്തുത സ്ക്വാഡിൽപ്പെട്ട കോൺസ്റ്റബിൾ (മോഹൻലാൽ) വേഷപ്രച്ഛന്നനായി ഒരു രാത്രി ജീപ്പുമായി നേതാവിന്റെ വീട്ടിലെത്തി തന്റെ അച്ഛൻ രോഗബാധിതനായി ഗുരുതരാവസ്ഥയിലാണെന്നും വാഹനം കൊണ്ടുവന്നിട്ടുണ്ടെന്നും ഒന്ന് വന്ന് പരിശോധിക്കണമെന്നും ആവശ്യപ്പെടുന്നു. അബ്ദുല്ലയുടെ പത്നി അയാൾക്ക് ഭക്ഷണം വിളമ്പുന്നു. ആഗതനെ വിശ്വസിച്ച അബ്ദുല്ല അയാളുടെ കൂടെ ജീപ്പിൽ യാത്രയാവുന്നു. നേരത്തെ പ്ലാൻ ചെയ്തതനുസരിച്ച് വഴിയിൽവച്ച് ജീപ്പിൽ മറ്റൊരു കോൺസ്റ്റബിൾ



കയറുന്നു. പറഞ്ഞ സ്ഥലത്തേക്കുള്ള വഴിയിലൂടെയല്ല പോകുന്നതെന്ന് മനസ്സിലാക്കിയ നേതാവ് അപകടം മണത്തു. തുടർന്ന് മൂന്നാമതൊരു സംഘം പൊലീസുദ്യോഗസ്ഥരെത്തി നേതാവിനെ വധിക്കുന്നു. വീട്ടിൽ നിന്ന് തെറ്റിദ്ധരിപ്പിച്ച് ഇറക്കിക്കൊണ്ടുവന്നയാൾ പ്രതീക്ഷിക്കാത്തതായിരുന്നു ഈ സംഭവം. നാട്ടിൽ കുഴപ്പമുണ്ടാക്കുന്നയാളാണ് അബ്ദുല്ല എന്ന ധാരണയാൽ അയാളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന ഉദ്ദേശ്യമേ കോൺസ്റ്റബിളിനുണ്ടായിരുന്നുള്ളൂ. തുടർന്ന് കോൺസ്റ്റബിളിനുണ്ടാവുന്ന കുറ്റബോധവും നക്സലൈറ്റുകളുടെ പ്രതികാരവുമൊക്കെയാണ് ‘ശിക്കാറി’ലെ പ്രതിപാദ്യ വിഷയം.

യാഥാസ്ഥിതികരുടെ കണ്ണിലെ കരടായ ചേകനൂരിനെ ഖുർആൻ ക്ലാസ്സിനെന്ന് പറഞ്ഞ് വീട്ടിൽ നിന്നിറക്കിക്കൊണ്ടുപോയ വി.വി. ഹംസയും ബഷീർ പത്തനാപുരവും ഉന്നതരുടെ കരുക്കൾ മാത്രമാവാം. മൗലവിയെ വധിക്കാനാണ് കൊണ്ടുപോവുന്നതെന്ന കാര്യം ഒരുപക്ഷേ അവർപോലും അറിഞ്ഞിട്ടുണ്ടാവില്ല. ഖുർആൻ ക്ലാസ്സിന് തന്നെയാണ് കൊണ്ടുപോകുന്നത് എന്ന് അവരെ വിശ്വസിപ്പിച്ചിരിക്കാം. കൊണ്ടുപോയതിന് മൗലവിയുടെ പത്നി ഹവ്വാ ഉമ്മ സാക്ഷി. അവർ കൊടുത്ത ചായ കുടിച്ചാണ് പ്രതികൾ മൗലവിയെ കൊണ്ടു പോയത്. ജീപ്പിൽ യാത്ര തുടർന്നപ്പോൾ, പറഞ്ഞ സ്ഥലത്തേക്കുള്ള വഴിയല്ലല്ലോ ഇതെന്ന് മൗലവി ചോദിക്കുകയും എളുപ്പവഴിയാണിതെന്ന് പ്രതികൾ മറുപടി നൽകുകയും ചെയ്തു. തുടർന്ന് ജീപ്പിൽ മറ്റു ചിലർ കയറുകയും മൗലവിയെ വധിക്കുകയും ചെയ്ത സംഭവം അന്വേഷണോദ്യോഗസ്ഥരുടെ കണ്ടെത്തലുകളിലൂടെ നാമറിഞ്ഞു.

**മൗലവിയുടെ മകൾ സുഹറ പ്രതികരിച്ചതുപോലെ, ജീവപര്യന്തം തടവറയിൽ കഴിഞ്ഞ് ചേകനൂരിന്റെ ആദർശങ്ങൾ ഉൾക്കൊള്ളാൻ പ്രതിക്ക് കഴിയട്ടെ.**

മൗലവിയുടെ മകൾ സുഹറ പ്രതികരിച്ചതുപോലെ, തടവറയിൽ കഴിഞ്ഞ് ചേകനൂരിന്റെ ആദർശങ്ങൾ ഉൾക്കൊള്ളാൻ പ്രതിക്ക് കഴിയട്ടെ.

| സിബിഐ തയ്യാറാക്കിയ കുറ്റപത്രപ്രകാരം ചേകനൂർ വധത്തിലെ പ്രധാന പ്രതികൾ | | | |
|---|---|---|---|
| നമ്പർ | പേര് | അച്ഛന്റെ പേര് | വയസ്സ് |
| A1 | വി.വി. ഹംസ | കുഞ്ഞുമുഹമ്മദ് | 33 |
| A2 | ഇല്യൻ ഹംസ | ഇല്യൻ അബ്ദുല്ല | 30 |
| A3 | പി.കെ. സെയ്ഫുദ്ദീൻ | കുഞ്ഞുമുഹമ്മദ് | 28 |
| A4 | മുഹമ്മദ് ബഷീർ മംഗലശ്ശേരി | അബ്ദുട്ടി | 34 |
| A5 | മുഹമ്മദ് കുട്ടി കൊന്തേടൻ | സെയ്തലവി കൊന്തേടൻ | 33 |
| A6 | കുഞ്ഞിമരയ്ക്കാർ | കുഞ്ഞാലൻകുട്ടി | 37 |
| A7 | അബ്ദുൽ ഗഫൂർ | മുഹമ്മദ് മുല്ല | 30 |
| A8 | അബ്ദുൽ സലാം, പാലപ്പെറ്റ | കുഞ്ഞുമൊയ്തീൻ മുസ്‌ലിയാർ | 39 |
| A9 | ഉസ്മാൻ മുസ്‌ലിയാർ | മൊയ്തീൻ ഹാജി | 50 |

## വാർത്തയിൽ നിന്ന്

# ചേകനൂർ വിധി: പ്രതികരിക്കാനാവാതെ മുസ്‌ലിം സംഘടനകൾ

കോഴിക്കോട്: കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടായി പൊതുസമൂഹത്തിൽ ഏറെ ചർച്ച ചെയ്യുകയും ചില മുസ്‌ലിം സംഘടനകളെയും മതനേതാക്കളെയും സംശയത്തിന്റെ മുനയിൽ നിർത്തുകയും ചെയ്ത ചേകനൂർ മൗലവി തിരോധാനക്കേസിൽ ഒടുവിൽ വിധി വന്നപ്പോൾ പ്രതികരിക്കാനാവാതെ മുസ്‌ലിം സംഘടനകൾ.

കേസിലെ ഒന്നാം പ്രതിയെ കുറ്റക്കാരനെന്നു കണ്ടെത്തുകയും മറ്റുള്ള പ്രതികളെ വെറുതെ വിടുകയും ചെയ്ത സിബിഐ പ്രത്യേക കോടതിയുടെ വിധി സംബന്ധിച്ചു പരസ്യ പ്രതികരണത്തിനു മുസ്‌ലിം ലീഗ് ഉൾപ്പെടെയുള്ള പ്രമുഖ രാഷ്ട്രീയ കക്ഷികളും സംഘടനകളും തയ്യാറായിട്ടില്ല. ചേകനൂർ മൗലവി പ്രതിനിധാനം ചെയ്ത മുസ്‌ലിം രാഷ്ട്രീയത്തിന്റെ ഇരുതല മൂർച്ചയിൽ നിന്നു രക്ഷനേടാനുള്ള വിവിധ മത-രാഷ്ട്രീയ സംഘടനകളുടെ ശ്രമമാണ് ഇതിനു പിന്നിലെന്നാണു സൂചന.

കടുത്ത സുന്നി വിരോധികളായ ജമാഅത്തെയും മുജാഹിദ് വിഭാഗവും മാത്രമാണ് വിധിയെ സ്വാഗതം ചെയ്തു കൊണ്ടു മുന്നോട്ടുവന്നത്.

വൈകി വന്ന നീതിയെന്നാണ് ജമാഅത്തെ വിധിയോടു പ്രതികരിച്ചത്. എം.എൻ. കാരശ്ശേരിയെയും ഹമീദ് ചേന്ദമംഗലൂരിനെയും പോലുള്ള സ്വതന്ത്ര ചിന്താധാരയുടെ വക്താക്കൾ വിധിയെ സ്വാഗതം ചെയ്തിട്ടുണ്ട്.

(മംഗളം, 30-09-2010)

## മൗലവി ചേകനൂരിന്റെ...

യിരുന്ന മൗലവിക്ക് ‘ചതിയുടെ ഗ്രൂപ്പ് വർക്ക്’ തിരിച്ചറിയാനായില്ല.

പ്രബുദ്ധരെന്ന് അവകാശപ്പെടാവുന്ന കേരള ജനതയെ നുണ പറഞ്ഞുപറ്റിക്കാനും കലക്കുവെള്ളത്തിൽ മീൻ പിടിക്കാനും തയ്യാറായി നിൽക്കുകയായിരുന്ന ഒരു ‘മാധ്യമം’ പ്രചരിപ്പിച്ചു; “മൗലവി ചേകനൂർ കടംകൊണ്ടുമുങ്ങി” എന്ന്. മൗലവി മുങ്ങുകയായിരുന്നില്ലെന്നും വെളിച്ചത്തിന്റെ ആജന്മശത്രുക്കളായ വെള്ള വസ്ത്രധാരികൾ ഇരുട്ടിനെ മറയാക്കി ചുവന്നകുന്നിലെ ചെമ്മണ്ണിൽ അദ്ദേഹത്തെ അടക്കം ചെയ്യുകയാണുണ്ടായതെന്നുമുള്ള സത്യം വൈകിയെങ്കിലും അവർക്ക് സമ്മതിക്കേണ്ടിവന്നു.

‘ശേഖരൻ നായർ’ എന്ന് അവർ വിളിച്ചാക്ഷേപിച്ചിരുന്ന മൗലവി ചേകനൂരാവട്ടെ, തന്റെ പേരിന്റെ അവസാനത്തിൽ പറയും പോലെ ഒരു ‘നൂർ’ അഥവാ ’സത്യപ്രകാശം’ ആയിത്തന്നെ ഇന്നും ജനഹൃദയങ്ങളിൽ ജീവിച്ചു കൊണ്ടിരിക്കുന്നു.

വാറോല ഹദീസുകളാൽ വ്യാഖ്യാനിക്കപ്പെട്ടിരുന്ന പല സിദ്ധാന്തങ്ങളെയും തകർത്ത് തന്റേതായ ശൈലിയിലൂടെ ഖുർആന്റെ സിദ്ധാന്തങ്ങൾ പുനഃസ്ഥാപിക്കാൻ മിടുക്കുകാട്ടി അദ്ദേഹം. യഥാർഥത്തിൽ ഖുർആന്റെ പദാനുപദങ്ങൾ കൂട്ടിയിണക്കിയുള്ള പ്രയോഗശൈലി ഖുർആനിൽ നിന്നുതന്നെ കടമെടുത്തുകൊണ്ടായിരുന്നു അതെല്ലാം ചെയ്തു കൊണ്ടിരുന്നതെന്ന് മൗലവിയുടെ രചനകളും പ്രസംഗങ്ങളും സാക്ഷ്യം വഹിക്കുന്നു. തന്റെ സമർഥന രീതികൾ കൊണ്ട് അറബി ഭാഷാ പരിജ്ഞാനമുള്ള പണ്ഡിതന്മാരെ മുട്ടുകുത്തിക്കുന്ന ശൈലീ പ്രയോഗങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു എന്ന വസ്തുതയും വിസ്മരിച്ചുകൂടാ. ഇക്കാരണത്താലാണ് സാധാരണക്കാരായ ഖുർആൻ പഠിതാക്കളെ ആകർഷിക്കാൻ അദ്ദേഹത്തിന്റെ രചനകൾക്കു സാധിക്കുന്നത്.

വിജ്ഞാനസമ്പന്നരെന്ന് അവകാശപ്പെടുന്ന പലരും ‘ശൈലാത്മ’ പ്രഭുക്കന്മാർ മാത്രമാണെന്ന് തിരിച്ചറിഞ്ഞ മൗലവി അവരെ അവരുടെ ആ ഗുഹാമുഖത്ത് നിന്ന് പുറത്തു ചാടിക്കാൻ തന്റേതായ പ്രയോഗശൈലികളിലൂടെയും ഖുർആന്റെ തനതാർന്ന ശൈലീ പ്രയോഗങ്ങളിലൂടെയും യാത്ര നടത്തി. മതപണ്ഡിതരുടെ മൗനമായിരുന്നു ഒരർഥത്തിൽ മൗലവി ചേകനൂരിനെ വിജയശ്രീലാളിതനാക്കിയത്.

ഖുർആനിലൂടെ താൻ മനസ്സിലാക്കിയ ദർശനങ്ങൾ ജനഹൃദയങ്ങളിലേക്കു പകരാൻ അവരുടെ ബോധത്തോട് ജിഹാദ് ചെയ്തുകൊണ്ടിരിക്കുകയായിരുന്ന ഒറ്റയാൾ പട്ടാളത്തെ വകവരുത്താൻ ഈ ശൈലാത്മ പ്രഭുക്കന്മാർക്ക് അനുകരിക്കേണ്ടിവന്നതാവട്ടെ തനിചതിയന്മാരായിരുന്ന ചരിത്ര പുരുഷന്മാരുടെ ചര്യയും.

താൻ ചതിക്കപ്പെട്ടു എന്ന് ബോധ്യം വന്നപ്പോഴും നനഞ്ഞ തോർത്തുമുണ്ട് തന്റെ കഴുത്തിൽ ബലമായി മുറുകുന്നുണ്ടെന്ന് തിരിച്ചറിഞ്ഞപ്പോഴും ഖുർആൻ നിഷേധികൾക്കു മുന്നിൽ മുട്ടുമടക്കാൻ അദ്ദേഹം തയ്യാറായില്ല. മൗലവിയെ കയറ്റിയ വാഹനത്തിൽ വച്ചുതന്നെ അവർ അദ്ദേഹത്തിന് ‘വർക്ക്’ കൊടുത്തു.

പതിമൂന്നര നൂറ്റാണ്ടിന്റെ കാലപ്പഴക്കത്തിന് ശേഷം ഇസ്‌ലാം എന്താണെന്നും ഖുർആൻ വ്യാഖ്യാനിക്കേണ്ടത് എപ്രകാരമാണെന്നും സർവമതസത്യവാദം എന്നൊരിനം ഖുർആനിലുണ്ടെന്നും പള്ള പ്രശ്നത്തേക്കാൾ വലിയ കാര്യമായി വേദ ദർശനങ്ങളെ ബുദ്ധിയുടെ ആഹാരമാക്കിത്തീർക്കണമെന്നും പഠിപ്പിച്ചു അദ്ദേഹം. പ്രിയപ്പെട്ട മൗലവി സാഹിബ് ഒരു ജീവിത സാക്ഷിയായി ഖുർആൻ സുന്നത്തുകാരുടെയും മറ്റിതര ബുദ്ധിജീവികളുടെയും ബോധത്തിൽ ഇന്നും ജീവിച്ചുകൊണ്ടിരിക്കുന്നു.

“ദൈവികമായൊരു പ്രശ്ന പരിഹാരമാർഗത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നവർ കൊല്ലപ്പെട്ടാൽ; ‘മരിച്ചു’ എന്ന മനോഭാവത്തോടെ വിവേകമുള്ളവർ അതിനെ കാണരുത്. ഒരു നിലയ്ക്കും മരണം സംഭവിക്കാൻ ഇടവരാത്ത ദർശനങ്ങൾ ആ ദാർശനികന്റെ റബ്ബിന്റെ പക്കൽ ജീവനോടെയുണ്ട്; ആ വിഭവത്തെ നിങ്ങൾ ബോധത്തിൽ സ്വീകരിക്കുന്നുവെങ്കിൽ.” (3:169).

# 'പ്രതികൾ കൂർമബുദ്ധികൾ'

ചേകനൂർ വധക്കേസിൽ വി.വി. ഹംസയ്ക്ക് ഇരട്ട ജീവപര്യന്തം കഠിനതടവും ഒരു ലക്ഷം രൂപ പിഴയും വിധിച്ച് എറണാകുളം സിബിഐ പ്രത്യേക കോടതി ജഡ്ജി എസ്. വിജയകുമാർ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ സംക്ഷിപ്ത രൂപം.

(ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയത്)

മൗലവി ചേകനൂർ എന്ന ഖുർആൻ പണ്ഡിതൻ തന്റെ ജീവിതം തന്നെ ഖുർആൻ പ്രചാരണത്തിനുവേണ്ടി ഉഴിഞ്ഞുവച്ച വ്യക്തിയായിരുന്നു. അനന്തരാവകാശമായി കിട്ടിയ നാല് ഏക്കറോളം വരുന്ന സ്ഥലവും മറ്റു സമ്പാദ്യങ്ങളുമൊക്കെ അദ്ദേഹം പ്രസ്ഥാന പ്രവർത്തനത്തിനു വേണ്ടി ചെലവഴിച്ചതായി കോടതിക്കു ബോധ്യംവന്നിട്ടുണ്ട്. സ്വന്തമായി ഒരു പ്രിന്റിംഗ് പ്രസ്സുണ്ടാക്കുവാനും അതിൽ താൻ രചിച്ച പുസ്തകങ്ങൾ അച്ചടിക്കുവാനും നിരീക്ഷണം, അൽ ബുർഹാൻ തുടങ്ങിയ മാസികകൾ നടത്തുവാനും ഖുർആൻ സുന്നത്ത് സൊസൈറ്റി എന്ന സംഘടന ഉണ്ടാക്കുവാനും തന്റെ മുഴുവൻ സമയവും സമ്പത്തും വിനിയോഗിച്ച മഹാപ്രതിഭാശാലിയും തത്വചിന്തകനുമായിരുന്നു മൗലവി ചേകനൂർ. തട്ടിക്കൊണ്ടുപോകപ്പെടുന്ന ദിവസം (1993 ജൂലൈ 29ന് രാത്രി 8.30 – 9.30) മൗലവി വി.വി. ഹംസയോടും (A1) മുഹമ്മദ് ബഷീർ മംഗലശ്ശേരിയോടുമൊപ്പം (A4) ജീപ്പിലേക്കു കയറുമ്പോൾ, തന്റെ പ്രസ്സിലെ ജീവനക്കാരനായിരുന്ന ജബ്ബാറിനോട് 'നാളെ കാളികാവിൽ (യോഗസ്ഥലത്ത്) പുസ്തകങ്ങളും നോട്ടീസുമായി എത്തണം' എന്ന നിർദേശത്തോടെയാണ് പോയത്. ഇതിൽനിന്നു മൗലവിയുടെ പ്രസ്ഥാനപ്രവർത്തനത്തിലുള്ള ഊർജസ്വലതയും വ്യക്തിത്വവും പദ്ധതികളും (Personality and Plan) വ്യക്തമാകുന്നുണ്ട്. തിരൂരിലും കോഴിക്കോട്ടും മറ്റുമായി ധാരാളം ഖുർആൻ ക്ലാസ്സുകളും ചർച്ചകളും വാദപ്രതിവാദങ്ങളും ജുമുഅയും നടത്തുകമൂലം വളരെ തിരക്കുപിടിച്ച ജീവിതമായിരുന്നു മൗലവി ചേകനൂരിന്റേത് എന്ന് കോടതിക്ക് ബോധ്യം വന്നിട്ടുണ്ട്. മാത്രമല്ല, മഞ്ചേരിയിലും കോഴിക്കോട് ടൗൺഹാളിലുമൊക്കെ പ്രസംഗിക്കുമ്പോൾ യാഥാസ്ഥിതികരായ മുസ്‌ലിംകൾ അദ്ദേഹത്തെ കുടയും വടിയുമൊക്കെയെടുത്തു എറിഞ്ഞ് അദ്ദേഹത്തിന്റെ പ്രസംഗത്തിനു വിഘ്നം വരുത്താൻ ശ്രമിച്ചു. എന്നാൽ അത്തരം ഭീഷണികൾ വകവയ്ക്കാതെ, പൊലീസ് സഹായത്തോടെ അദ്ദേഹം തന്റെ ആശയപ്രചാരണം തുടരുമായിരുന്നു. ഇതെല്ലാം പ്രതിഫലിപ്പിക്കുന്നത് മൗലവി ചേകനൂർ തന്റെ പ്രസ്ഥാനപ്രവർത്തനവും മറ്റുമായി വളരെ തിരക്കിലായിരുന്നു എന്നാണ്. അങ്ങനെയുള്ള മഹാവ്യക്തി ഒരു സുപ്രഭാതത്തിൽ ഇതെല്ലാം വലിച്ചെറിഞ്ഞ്, ഒളിവിൽ പോവുകയോ (കടംകൊണ്ടുമുങ്ങുകയോ) ആത്മഹത്യചെയ്യുകയോ ഇല്ല. മൗലവി ജീവിച്ചിരുന്നുവെങ്കിൽ 30-07-93ലെ കാളികാവിലെ പരിപാടിക്കു തീർച്ചയായും എത്തിപ്പെടുമായിരുന്നു. മാത്രമല്ല, ഒരു നിയോഗമെന്നോണം ഏറ്റെടുത്ത തന്റെ പ്രസ്ഥാനപ്രവർത്തനരംഗത്തേക്കും പൊതുജീവിതത്തിലേക്കും അദ്ദേഹം തിരിച്ചുവരുമായിരുന്നു. അതുകൊണ്ടു മൗലവി വധിക്കപ്പെട്ടു എന്ന നിഗമനത്തിൽ തന്നെ എത്താം.

**JUDGMENT**

The nine accused persons stood trial for the offences punishable under Sections 302, 120(B) r/w Section 302, 364 and 201 IPC for the murder of Chekannur Moulavi.

2. This is a case investigated and charge-sheeted by Inspector of Police, CBI-SCB, Chennai.

3.. Originally the case was registered as Crime No.129/93 of Ponnani Police Station. Subsequently the case was re-registered based on notification No.65961/J/95/Home dated 10.11.1995 issued by Government of Kerala and notification 228/58/95-AVD-II dated 12.11.1996 issued by DP & T, Government of India transferring the investigation of the case relating to the mysterious disappearance of Sri P.K.M Abdul Hassan @ Chekannur Moulavi.

4.. The Chief Judicial Magistrate, Ernakulam on receipt of the final report, committed the case to the Sessions Court, Ernakulam as CP No.2/02 and then the case was made over to this court.

മജ്ജയും മാംസവുമുള്ള, മൗലവിയെപ്പോലെയുള്ള ഒരു വലിയ മനുഷ്യൻ പെട്ടെന്നൊരു സുപ്രഭാതത്തിൽ അന്തരീക്ഷത്തിൽ ലയിക്കുകയോ മാജിക്കിൽ എന്നോണം ആകാശത്തേക്കു അപ്രത്യക്ഷമാവുകയോ ചെയ്യില്ല. അന്നുരാത്രി മൗലവിയെ ഖുർആൻ ക്ലാസ്സിനെന്ന വ്യാജേന തട്ടിക്കൊണ്ടുപോകാൻ വന്നവരുടെ ഉദ്ദേശ്യം ഖുർആൻ പഠനമായിരുന്നില്ല; മൗലവിയെ വധിക്കുക എന്നതുതന്നെയായിരുന്നു. മൗലവിയെ തട്ടിക്കൊണ്ടുപോയ വി.വി. ഹംസ എന്ന ഹംസ സഖാഫി, മൗലവി ചേകനൂരിന്റെ അനുഭാവിയേ ആയിരുന്നില്ല.

കേരള മുസ്‌ലിംകളിൽ ബഹുഭൂരിഭാഗവും സുന്നികളാണ്. അതിൽ തന്നെ ഭൂരിപക്ഷം കാന്തപുരം എ.പി. അബൂബക്കർ മുസ്‌ല്യാരുടെ നേതൃത്വത്തിലുള്ള സുന്നി ഗ്രൂപ്പിനാണ്. മൗലവി ചേകനൂരിനെ വധിച്ചാൽ മോക്ഷം കിട്ടുമെന്ന് കാന്തപുരത്തിന്റെ ഗ്രൂപ്പിൽ പെട്ട സുന്നികൾ വിശ്വസിച്ചു. 'മൗലവി ചേകനൂരിനെ അടിച്ചുകൊന്നാൽ പോരാ, മൂർഖൻ പാമ്പിനെ കൊല്ലുന്നതുപോലെ ഒറ്റയടിക്കു കൊല്ലണം' എന്നാണ് ഉമർ മൗലവി അദ്ദേഹത്തിന്റെ ലഘുലേഖയിൽ പറഞ്ഞത്. മൗലവിയെ കൊന്നാൽ ശഹീദിന്റെ കൂലിയുണ്ടെന്ന് കാന്തപുരം സുന്നികൾ വിശ്വസിച്ചപ്പോൾ, മറ്റൊരു വിഭാഗം കൊല്ലുന്ന രീതിയെക്കുറിച്ചാണ് പ്രചരിപ്പിച്ചത്. മൗലവിയുടേതു ഒരു സ്വാഭാവിക മരണമായിരുന്നുവെങ്കിൽ മൃതശരീരമെങ്കിലും കിട്ടുമായിരുന്നു. തട്ടിക്കൊണ്ടുപോകപ്പെട്ട മൗലവി പൂർണമായും പ്രതികളുടെ കസ്റ്റഡിയിൽ ആയിരുന്നു. പിന്നീട് പ്രതികളുടെ കൈ യിൽ നിന്ന് മൗലവി രക്ഷപ്പെട്ടു എന്നു അനുമാനിക്കാൻ കോടതിക്കു ഒരു പഴുതും കാണുന്നില്ല. അതുകൊണ്ടു മൗലവിയെ തട്ടിക്കൊണ്ടുപോയവർ – പിന്നീട് അവരോടൊപ്പം ചേർന്ന ഒരു സംഘവും കൂടി – അന്നുതന്നെ വാഹനത്തിൽ വച്ചു മൗലവിയെ വധിച്ചിരിക്കാനാണ് സാധ്യത. അതായതു 29-07-1993ന് രാത്രി തന്നെ മൗലവി വധിക്കപ്പെട്ടു. എന്നുവച്ചാൽ 30-07-1993ന് വെള്ളിയാഴ്ച രാവിലെ മൗലവി ജീവിച്ചിരുന്നില്ല എന്നർഥം.

മൗലവി ചേകനൂർ എന്ന തത്വചിന്തകന്റെ ഖുർആനിക ആശയങ്ങളെ വാദപ്രതിവാദത്തിലൂടെയോ ചർച്ചയിലൂടെയോ തോൽപ്പിക്കുന്നതിനേക്കാൾ എളുപ്പം മൗലവിയെ ശാരീരികമായി ഇല്ലാതാക്കുകയാണ് എന്ന് മൗലവിയെ തട്ടിക്കൊണ്ടുപോയവരും അവരുടെ പിറകിലുള്ള സംഘവും കരുതി. അതുവഴി മൗലവിയുടെ തത്വശാസ്ത്രത്തെ എന്നെന്നേക്കുമായി അവസാനിപ്പിക്കാമെന്നും അവർ കരുതി.

വളരെ സമർഥരും കുബുദ്ധികളുമായ ചില കുറ്റവാളികൾ നിയമത്തെക്കാൾ വലിയ ബുദ്ധിയും സാമർഥ്യവും കാട്ടാറുണ്ട്. അതിലൊന്നാണ് തെളിവുകൾ ഒരു തരിമ്പുപോലും ബാക്കിവയ്ക്കാതെ പറ്റേ നശിപ്പിച്ചുകളയുക എന്നത്. ആ രീതിയിൽ മൃതദേഹം നശിപ്പിച്ചിട്ടുണ്ടെങ്കിൽ പിന്നെ തെളിവന്വേഷിക്കുന്നതിൽ അർഥമില്ല. പക്ഷേ വധിക്കപ്പെട്ടു എന്നു സാഹചര്യം കൊണ്ട് തെളിഞ്ഞുകഴിഞ്ഞാൽ പ്രതികൾ ശിക്ഷാർഹരാണ്. അങ്ങനെ ശിക്ഷിക്കപ്പെട്ട ചില സുപ്രധാന കോടതിവിധികളുണ്ട്. (Discovery of Deadbody is a rule of caution and not of law). തെളിവുകളുടെ ആധിക്യമല്ല, ഉള്ള തെളിവുകളുടെ കൃത്യതയും സത്യസന്ധതയുമാണ് കാര്യം. (Each case has to be considered on its own facts. what is necessary for proving the prosecution case is not the quantity, but quality of the evidence. The court cannot overlook the changes in the value system in the society).

A1 ഉം (വി.വി. ഹംസ) A4 ഉം (മുഹമ്മദ് ബഷീർ മംഗലശ്ശേരി) ചേർന്ന് മൗലവി ചേകനൂരിനെ ഖുർആൻ ക്ലാസിനെന്ന വ്യാജേന 29-07ന് രാത്രി ഒമ്പത് മണിക്ക് തട്ടിക്കൊണ്ടുപോയി. ആ സമയത്ത് മൗലവിയുടെ ഭാര്യയും (PW3) പ്രസ്സിലെ ജീവനക്കാരനായ ജബ്ബാറും (PW 21) മാത്രമാണ് അവിടെയുണ്ടായിരുന്നത്. അതിൽ പിന്നെ മൗലവിയെ ആരും കാണുകയോ മൗലവിയെക്കുറിച്ച് ഒന്നും കേൾക്കുകയോ ചെയ്തിട്ടില്ല.

മൗലവിയെ അവസാനമായി ഭാര്യ കാണുന്നത് ഖുർആൻ ക്ലാസിനെന്ന വ്യാജേന തട്ടിക്കൊണ്ടുപോകാൻ വന്ന വി.വി. ഹംസയോടും (A1) ബഷീറിനോടുമൊപ്പമാണ്. (A4). അതിൽ വി.വി. ഹംസയെ (A1) മൗലവിയുടെ ഭാര്യ ഹവ്വാ ഉമ്മയും ജബ്ബാറും തിരിച്ചറിഞ്ഞു. എന്നാൽ A4ന്റെ കാര്യത്തിൽ സിബിഐ രേഖപ്പെടുത്തിയതുപോലെ അതു മംഗലശ്ശേരി ബഷീറാണെന്നു കോടതിക്കു ബോധ്യം വന്നിട്ടില്ല. അങ്ങനെ സംശയത്തിന്റെ ആനുകൂല്യം നൽകി കോടതി A4നെയും (ബഷീറിനെയും) മറ്റു പ്രതികളെയും കുറ്റവിമുക്തരാക്കുന്നു.



സിബിഐ
പ്രത്യേക ജഡ്ജി
എസ്. വിജയകുമാർ

'Last Seen together theory' (അവസാനമായി ഒന്നിച്ചു കണ്ടു എന്ന തത്വം) പ്രകാരം 1993 ജൂലൈ 29ന് രാത്രി 8.30 മണിക്കും ഒമ്പത് മണിക്കും ഇടയിലായി മൗലവിയുടെ ഭാര്യയും ജബ്ബാറും നോക്കിയിരിക്കേ, മൗലവിയെ നീല ജീപ്പിൽ ഖുർആൻ ക്ലാസിനെന്ന വ്യാജേന തട്ടിക്കൊണ്ടുപോയ A1, A4 എന്നീ പ്രതികളെ കണ്ടെത്തുകയും തിരിച്ചറിയുകയും ചെയ്യുക എന്നതു മാത്രമാണ് ഈ കേസിലുള്ള ഒരേയൊരു തെളിവ്. അതിൽ മൗലവിയുടെ ഭാര്യയായ ഹവ്വാ ഉമ്മ രണ്ടുപേരെയും (വി.വി. ഹംസയെയും ബഷീറിനെയും) തിരിച്ചറിഞ്ഞു. എന്നാൽ അബ്ദുൽ ജബ്ബാർ ഹംസയെ മാത്രമേ തിരിച്ചറിഞ്ഞുള്ളൂ. മറ്റുപ്രതികൾ ഗൂഢാലോചനയിൽ പങ്കെടുത്തതിനോ മൗലവിയെ വധിച്ചതിനോ മൃതദേഹം നശിപ്പിക്കാൻ സഹായിച്ചതിനോ മതിയായ തെളിവില്ല.

ഒന്നാം പ്രതി ഹംസ സഖാഫി A4 നോടൊപ്പം മൗലവിയെ തട്ടിക്കൊണ്ടുപോയി എന്നു കോടതിക്കു ദൃഢമായ ബോധ്യം വന്നിട്ടുണ്ട്. തട്ടിക്കൊണ്ടുപോയ മൗലവിയെ എന്തു ചെയ്തു എന്നു ഒന്നാംപ്രതി ഹംസ സഖാഫിയിൽ നിന്ന് തൃപ്തികരമായ വിശദീകരണം കിട്ടാത്തതുകാരണം, തട്ടിക്കൊണ്ടുപോകപ്പെട്ട ദിവസം തന്നെ രാത്രി മൗലവി മൃഗീയമായി വധിക്കപ്പെട്ടു എന്നു നിരീക്ഷിക്കാം. കാന്തപുരം എ.പി. അബൂബക്കർ മുസ്‌ല്യാരുടെ സുന്നിഗ്രൂപ്പിൽ പെട്ട ഹംസയ്ക്കു മൗലവി ചേകനൂരിന്റെ ആശയങ്ങളോടുള്ള വെറുപ്പും വിദ്വേഷവും ശത്രുതയുമാണ് മൗലവിയെ തട്ടിക്കൊണ്ടുപോയി വധിക്കാൻ പ്രേരകമായത്. കേരളത്തിലെ ഏറ്റവും വലിയ മുസ്‌ലിം മതവിഭാഗമായ സുന്നികളിലെ കാന്തപുരം ഗ്രൂപ്പിൽ പെട്ട പ്രതിക്ക് മൗലവി ചേകനൂരിന്റെ ആശയങ്ങളോടുള്ള വെറുപ്പ്, വിദ്വേഷം, ശത്രുത എന്നിങ്ങനെയുള്ള ആയുധങ്ങൾ, പ്രതിയുടെ മറ്റു ആയുധങ്ങളെക്കാൾ മൂർച്ചയുള്ളതും അപകടകരവുമായ ഒന്നാണ്.

# കോടതി വിധിയുയർത്തുന്ന ചില ഭയാശങ്കകൾ

ഡോ. അബ്ദുൽ ജലീൽ പുറ്റെക്കാട്
abduljaleel1960@hotmail.com

ഒടുവിൽ മൗലവി ചേകനൂർ വധക്കേസിൽ സിബിഐ പ്രത്യേക കോടതി 17 വർഷത്തിനുശേഷം വിധി പറഞ്ഞു. ഒന്നാം പ്രതി ഹംസ സഖാഫിക്ക് ഇരട്ട ജീവപര്യന്തം കഠിനതടവും ഒരു ലക്ഷം രൂപ പിഴയും വിധിച്ചിരിക്കുന്നു. എന്നാൽ മറ്റു എട്ടുപ്രതികളെയും തെളിവില്ല എന്ന കാരണം പറഞ്ഞ് കോടതി വെറുതെവിട്ടു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യങ്ങളിലൊന്നായ ഇന്ത്യയിലെ, ഏറ്റവും വലുതും കുറ്റമറ്റതുമായ കുറ്റാന്വേഷണ ഏജൻസിയായ സിബിഐയുടെ പ്രവർത്തനക്ഷമതയെയും നിഷ്പക്ഷതയെയും സത്യസന്ധതയെയും ചോദ്യം ചെയ്യുന്ന കുറേ വസ്തുതകളാണ് പ്രസ്തുത കോടതിവിധിയിലൂടെ പുറത്തുവന്നിരിക്കുന്നത്.

## കോടതിയിലെത്താത്ത സിബിഐ ഡയറിക്കുറിപ്പുകൾ

**മൗലവി ചേകനൂർ വധിക്കപ്പെട്ടു. മൗലവിയെ വധിച്ചത് ജീപ്പിൽവച്ച്. മൗലവിയെ വധിക്കാനുള്ള ഗൂഢാലോചന നടന്നത് കാന്തപുരത്തിന്റെ മർക്കസിൽ വച്ച്.**

**പ്രതികളെല്ലാവരും – പ്രതിഭാഗം സാക്ഷികളും – മർക്കസുമായി ബന്ധപ്പെട്ടവർ. എസ്പി: മുഹാജിറിന്റെ അന്വേഷണ റിപ്പോർട്ട് കോടതിയിൽ സിബിഐ ഹാജരാക്കിയില്ല!**

മൗലവി ചേകനൂർ വധക്കേസന്വേഷണ സമയത്ത് സിബിഐ ഉദ്യോഗസ്ഥർ കണ്ടെത്തിയ പല സുപ്രധാന തെളിവുകളും കോടതിക്കുമുമ്പിൽ അവതരിപ്പിക്കാതെ തരികിടകളും കള്ളക്കളികളും നടത്തുകയാണ് ചില സിബിഐ ഉദ്യോഗസ്ഥർ ചെയ്തിരിക്കുന്നത്. അതുവഴി യഥാർഥ കുറ്റവാളികളെ രക്ഷപ്പെടാൻ സഹായിക്കുകയും മൗലവി കുടുംബത്തോടും അദ്ദേഹത്തിന്റെ ആദർശബന്ധുക്കളോടും നീതികേടുകാട്ടുകയുമാണ് സിബിഐയിലെ ഏതാനും ഉന്നത ഉദ്യോഗസ്ഥർ ചെയ്തത്.

## മൗലവി ചേകനൂർ വധിക്കപ്പെട്ടതുതന്നെ

**മൗലവിയെ ജീപ്പിൽ വച്ചു വധിച്ചു എന്നു സിബിഐയും കോടതി യും. 'മാധ്യമം' പത്രത്തിന്റെ കുപ്രചാരണം വിലപ്പോയില്ല.**

മൗലവി വധിക്കപ്പെട്ടപ്പോൾ, കടംകൊണ്ട് മുങ്ങിയതാണെന്നും മറ്റും പ്രചരിപ്പിച്ചു കേസിന്റെ ഗതിമാറ്റി വിടാൻ വളരെ ഉത്സാഹം കാണിച്ച കുറെ സുന്നി പ്രസിദ്ധീകരണങ്ങളും വ്യക്തികളുമുണ്ടായിരുന്നു ഇവിടെ. അങ്ങനെ അന്വേഷണ ഏജൻസിയെ തെറ്റിദ്ധരിപ്പിക്കാനും മൗലവി വധക്കേസിന് തുമ്പ് ഇല്ലാതാക്കാനും സുന്നത്ത് ജമാഅത്ത് എന്ന വർഗീയ-ഭീകര സംഘടനയുടെ മുഖം രക്ഷിക്കാനും കിണഞ്ഞു ശ്രമിച്ച പത്രമായിരുന്നു ഒ. അബ്ദുർറഹിമാന്റെ പത്രാധിപത്യത്തിലുള്ള 'മാധ്യമം.' അത്തരം പത്രങ്ങളുടെ കുപ്രചാരണങ്ങളെല്ലാം തനി പൊള്ളയായിരുന്നു എന്നു സ്ഥിരീകരിച്ചാണ് കോടതിവിധി വന്നത്. അല്ലാഹുവിന്നു സ്തുതി. 'മാധ്യമം പത്രത്തിന്റെ പക്ഷപാതിത്വവും കാപട്യവുമാണ് പ്രസ്തുത കോടതിവിധിയിലൂടെ വീണ്ടും പുറത്തുവന്നിരിക്കുന്നത്.

മൗലവിയുടെ ആശയങ്ങളെ ഖുർആൻ കൊണ്ടോ ഖുർആൻ വിരുദ്ധമല്ലാത്ത (ഹദീസുഗ്രന്ഥങ്ങളിൽ തന്നെയുള്ള) ശരിയായ നബിചര്യകൊണ്ടോ എതിർത്തുതോൽപ്പിക്കുവാൻ സാധ്യമല്ല എന്നുറപ്പായപ്പോൾ 'മാധ്യമം' പോലുള്ള സുന്നി പത്രങ്ങൾ സ്വീകരിച്ച നയമായിരുന്നു, കള്ളക്കഥകൾ പ്രചരിപ്പിച്ചു മൗലവി കേസ് ഒതുക്കുക എന്നത്. അതുകൊണ്ടുതന്നെ മൗലവിക്കും അദ്ദേഹം സ്ഥാപിച്ച ഖുർആൻ സുന്നത്ത് സൊസൈറ്റിക്കും അനുകൂലമായി മറ്റു പത്രങ്ങൾ വളരെ പ്രാധാന്യത്തോടെ വെണ്ടക്കാ അക്ഷരങ്ങൾ നിരത്തിയപ്പോൾ 'മാധ്യമം' അതൊക്കെ ബോക്സ് ന്യൂസിലും ചെറിയ പത്രക്കുറിപ്പിലുമൊക്കെയാക്കി ചുരുക്കി. പക്ഷേ ബുദ്ധിയുള്ള വായനക്കാർക്ക് ഒരു സൂചനമതി എന്നത് ഈ വിഡ്ഢികൾക്കറിയില്ലല്ലോ. ഏതായാലും മൗലവി വധിക്കപ്പെട്ടു എന്ന കോടതിയുടെ കണ്ടെത്തലിലൂടെ 'മൗലവി കടംകൊണ്ട് മുങ്ങി' എന്ന് പ്രചരിപ്പിച്ച 'മാധ്യമം' പോലുള്ള നുണയൻപത്രങ്ങളുടെയും വർഗീയവാദികളുടെയും യഥാർഥമുഖം വീണ്ടും അനാവരണം ചെയ്യപ്പെടുകയാണ്.

## ഉത്തരം കിട്ടേണ്ട കുറേ ചോദ്യങ്ങൾ

***എസ്പി: മുഹാജിറിന്റെ അന്വേഷണ റിപ്പോർട്ട് എന്തുകൊണ്ട് കോടതിയിൽ സിബിഐ ഹാജരാക്കിയില്ല?***

ആദ്യം പൊന്നാനി ലോക്കൽ പൊലീസും പിന്നീട് ക്രൈംബ്രാഞ്ചും അന്വേഷിച്ചു തുമ്പില്ലാതാക്കിയ മൗലവി വധക്കേസ് സുമാർ ആറു വർഷങ്ങൾക്ക് ശേഷം വഴിത്തിരിവിൽ എത്തുന്നത് സിബിഐ ഉദ്യോഗസ്ഥരായ മുഹാജിറിന്റെയും പ്രേംകുമാറിന്റെയും സുഭാഷിന്റെയും നന്ദകുമാറിന്റെയും അന്വേഷണത്തോടെയാണ്. ഇവരുടെ കേസ് ഡയറിയിൽ നിന്നെല്ലാം വ്യക്തമാകുന്ന ചില ഞെട്ടിപ്പിക്കുന്ന സത്യങ്ങൾ കോടതിയുടെ മുമ്പിൽ സമർപ്പിക്കാതെ ചില പ്രതികൾക്കു രക്ഷപ്പെടാൻ പാകത്തിൽ കുറ്റപത്രം സമർപ്പിക്കുകയാണ് സിബിഐയിലെ ചില ഉന്നതോദ്യോഗസ്ഥർ ചെയ്തിരിക്കുന്നത്. എസ്പി: മുഹാജിറിന്റെ കേസ് ഡയറി കോടതിയിൽ സിബിഐ ഹാജരാക്കുകപോലും ചെയ്തിട്ടില്ല എന്നതാണ് ഏറ്റവും ദുരൂഹമായ വസ്തുത. സിബിഐ കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിലെ വിശദാംശങ്ങളും കോടതിവിധിയും കൂട്ടിവായിക്കുമ്പോൾ ചില വൈരുധ്യങ്ങൾ പ്രകടമാകുന്നു. അതിന് സിബിഐ ഉദ്യോഗസ്ഥരോ കോടതിയോ മറുപടി പറഞ്ഞേ മതിയാവൂ.

കക്കിടി ഹംസ എന്ന ഹംസ സഖാഫി , അരീക്കോടിനടുത്ത പത്തനാപുരം സ്വദേശി മംഗലശ്ശേരി വീട്ടിൽ മുഹമ്മദ് ബഷീർ, സൈഫുദ്ദീൻ, മുഹമ്മദ് കുട്ടി, കുഞ്ഞിമരയ്ക്കാർ, കുന്നത്തിരി അബ്ദുൽ ഗഫൂർ എന്നിവർ ചേർന്നു മൗലവിയെ 1993 ജൂലൈ 29ന് രാത്രി ജീപ്പിൽ വച്ചു വധിച്ചതായി സിബിഐ അന്വേഷണ ഉദ്യോഗസ്ഥർ രേഖപ്പെടുത്തുന്നു.

മൗലവിയുടെ പുരോഗമനാശയങ്ങളോടുള്ള എതിർപ്പാണ് കാന്തപുരം പ്രതിനിധാനം ചെയ്യുന്ന എ.പി സുന്നി ഗ്രൂപ്പിലെ പ്രവർത്തകരെ കൊലയ്ക്കു പ്രേരിപ്പിച്ചതെന്ന് സിബിഐ ഡയറിക്കുറിപ്പുകളിൽ വ്യക്തമാണ്. കാന്തപുരം, എ.പി., എ.പി. ഉസ്താദ് എന്നീ പേരുകളിൽ അറിയപ്പെടുന്ന എ.പി. അബൂബക്കർ മുസ്‌ല്യാരുടെ കാരന്തൂരുള്ള മർക്കസ് കോളജിൽ വച്ച് അന്ന് കാന്തപുരം ഉസ്താദിന്റെ വലംകൈയും മർക്കസിലെ ജനറൽ മാനേജരുമായിരുന്ന മണ്ടാളിൽ ഉസ്മാൻ മുസ്‌ല്യാരുടെ നേതൃത്വത്തിലാണ് ഗൂഢാലോചന നടന്നത് എന്നും കുറ്റപത്രത്തിൽ വ്യക്തമാക്കുന്നു. എ.പി. ഉസ്താദിനു ധാരാളം ശത്രുക്കളുണ്ടായിരുന്നു എന്നും, കാന്തപുരത്തിന്റെ യോഗത്തിൽ ബഹളം വയ്ക്കുന്നവരെയും യോഗം കലക്കുന്നവരെയും നേരിടാൻ കുറച്ചാളുകൾ ഉസ്താദിന്റെ കൂടെ പോകാറുണ്ടായിരുന്നു എന്നും കക്കാട് അലിയാർ സിബിഐ ഉദ്യോഗസ്ഥൻ സി.കെ. സുഭാഷിന് മുന്നിലും എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടു മുമ്പാകെയും മൊഴിനൽകിയിരുന്നു. സുന്നി ടൈഗർ ഫോഴ്സ്, ക്രസന്റ് വളണ്ടിയർകോർ (സിവിസി) എന്നീ പേരുകളിൽ, കാന്തപുരത്തിനു സംരക്ഷണം നൽകാൻ, മർക്കസിൽ അന്നു മാനേജരായിരുന്ന മണ്ടാളിൽ ഉസ്മാൻ മുസ്‌ല്യാർ ഭീകരസംഘടനകൾ രൂപീകരിച്ചിരുന്നതായും അതിന്റെ പ്രവർത്തകർക്കു മാസംതോറും പ്രവർത്തന റിപ്പോർട്ട് നോക്കി 'ഇസ്‌ലാമിക് ചാരിറ്റി സെന്റർ' എന്ന വൗച്ചറിൽ ഒപ്പിട്ടുവാങ്ങി പണം കൊടുത്തിരുന്നതായും സിബിഐ വളരെ വ്യക്തമായി രേഖപ്പെടുത്തുന്നു. ഇതേ ഉസ്മാൻ മുസ്‌ല്യാരുടെ നേതൃത്വത്തിലാണ് മൗലവിയെ വധിക്കാൻ 1993 മെയ്-ജൂൺ മാസങ്ങളിൽ കാരന്തൂരുള്ള മർക്കസിൽ വച്ച് ഗൂഢാലോചന നടന്നത് എന്ന് കേസിലെ മറ്റൊരു പ്രധാന സാക്ഷി കക്കാട് അലിയാർ സിബിഐ മുമ്പാകെയും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റു കോടതിയിലും മൊഴി നൽകി.

കോടതിയുടെ മുമ്പാകെ പ്രതിഭാഗം സാക്ഷിയായ കക്കാട് അലിയാർ നടത്തിയ ഈ കുറ്റസമ്മതം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നല്ലേ? ഒരു കോടതിക്കു മറ്റൊരു കോടതിയെ വിശ്വസിക്കാൻ പാടില്ലെന്നോ? കക്കാട് അലിയാർ വിദേശത്ത് ഒളിവിലാണെന്നും പിടികിട്ടാപുള്ളിയാണെന്നും പറഞ്ഞു അലിയാരെ മുക്കാമെങ്കിലും, അലിയാർ എന്ന സാക്ഷി എറണാകുളം സിജെഎം കോടതിയിൽ കൊടുത്ത മൊഴി വളരെ ഗൗരവമുള്ളതല്ലേ? സിബിഐ കണ്ടെത്തിയ എല്ലാ പ്രതികളെയും, അവരുടെ നേതാവായ കാന്തപുരത്തെപ്പോലും പ്രതിയാക്കാൻ പര്യാപ്തമായ പരാമർശം – കക്കാട് അലിയാർ കോടതിയിൽ ഒപ്പിട്ടു നൽകിയ പരാമർശം – സിബിഐ ഉദ്യോഗസ്ഥർ ന്യായാധിപന്റെ മുമ്പിൽ സമർപ്പിക്കാതിരുന്നത് മനഃപൂർവമല്ലേ? ചിലരെ രക്ഷപ്പെടുത്താനുള്ള വ്യഗ്രത ഇവിടെ പ്രകടമല്ലേ? ഇവിടെ ആരാണ് സമ്പന്ന പക്ഷപാതിത്വം കാണിച്ചത്? സിബിഐയിലെ ചില ഉദ്യോഗസ്ഥരോ അതോ കോടതിയോ?

**കാന്തപുരത്തെകൂടി പ്രതിയാക്കി മൗലവി ചേകനൂർ കേസ് പുനരന്വേഷിക്കണമെന്ന് രണ്ടുപ്രാവശ്യം മൗലവിയുടെ അമ്മാവനായ സാലിം ഹാജി കോടതിയിൽ വിചാരണയ്ക്കിടെ ആവശ്യപ്പെടുകയുണ്ടായി. അതു രണ്ടും തള്ളപ്പെട്ടു. സിബിഐ തയ്യാറാക്കിയ കുറ്റപത്രം വായിച്ചാൽ എല്ലാ പ്രതികളുടെയും സാക്ഷികളുടെയും മൊഴികൾ ചെന്നെത്തുന്നത് കാന്തപുരം അബൂബക്കർ മുസ്‌ല്യാരിലേക്കാണ്. കക്കാട് അലിയാരും (W: 34) ഹുസൈൻ മുസ്‌ല്യാരും (W: 33) എറണാകുളം സി.ജെ.എം. കോടതിയിൽ ഒപ്പിട്ടു നൽകിയ മൊഴിയിലും ഈ ഭാഗം പ്രത്യേകം പരാമർശിച്ചതായി കാണാം. എന്നിട്ടും എന്തുകൊണ്ട് ഈ വസ്തുത കോടതിയുടെ ശ്രദ്ധയിൽ സിബിഐ പെടുത്തിയില്ല? ഇത് സിബിഐയുടെ അശ്രദ്ധയാണോ അതോ.. കണ്ടിട്ടും കണ്ടില്ലെന്ന് കോടതി നടിക്കുകയാണോ?**

കാരന്തൂരുള്ള കാന്തപുരം അബൂബക്കർ മുസ്‌ല്യാരുടെ മർക്കസിൽ വാച്ച്മാനായും ഡ്രൈവറായും ജോലി ചെയ്ത അബ്ദുർറഹിമാൻ കൊടിയത്തൂർ (W: 26) എന്ന സാക്ഷിയെ അറസ്റ്റുചെയ്തതോടെയാണ് കേസിലെ പ്രധാന പ്രതികളെല്ലാം പിടിയിലാവുന്നത്. അബ്ദുർറഹിമാന്റെ മൊഴിയനുസരിച്ചാണ് മണ്ടാളിൽ ഉസ്മാൻ മുസ്‌ല്യാർ, മുഹമ്മദ് ബഷീർ പത്തനാപുരം, കക്കിടി ഹംസ, അബ്ദുൽ സലാം, സൈഫുദ്ദീൻ, പള്ളിക്കൽ ബസാറിലുള്ള ഗഫൂർ, ഇല്യൻ ഹംസ, മരയ്ക്കാർ എന്നിവർക്ക് ചേകനൂർവധത്തിലുള്ള പങ്ക് വ്യക്തമായത്. ലക്ഷദ്വീപിലെ അമനി ദ്വീപിൽ ഒളിവിൽ കഴിയുകയായിരുന്ന കക്കിടി ഹംസയെ സിബിഐ ഉദ്യോഗസ്ഥർ വേഷം മാറിപ്പോയി നാടകീയമായി അറസ്റ്റു ചെയ്തതും അബ്ദുർറഹിമാൻ കൊടിയത്തൂരിന്റെ മൊഴിയനുസരിച്ചാണ്.

**മൗലവിയെ എതിർത്തിരുന്ന ഒരു ഗ്രൂപ്പിന്റെ നേതാവായിരുന്നു എ.പി. ഉസ്താദ് എന്ന് അബ്ദുർറഹിമാൻ മൊഴി നൽകുന്നു. മാത്രമല്ല, പ്രതികളുടെ മൊഴികളിലും സാക്ഷികളുടെ മൊഴികളിലും കാന്തപുരം പ്രതിനിധാനം ചെയ്യുന്ന സുന്നി ആശയക്കാരെ എതിർക്കുകയും ഉന്മൂലനം ചെയ്യുകയും ചെയ്യുന്നതിന്റെ ഭാഗമായാണ് മണ്ടാളിൽ ഉസ്മാൻ മുസ്‌ല്യാർ 'സുന്നി ടൈഗർ ഫോഴ്സും സിവിസിയുമൊക്കെ (Crescent Volunteer Core) ഉണ്ടാക്കിയത് എന്നു വ്യക്തമാകുന്നു. മാത്രമല്ല അബ്ദുന്നാസർ മഅ്ദനി, സെയ്തലവി അൻവരി തുടങ്ങിയവർ, പിഡിപി (പരിശുദ്ധ ദീനിന്റെ പാർട്ടി!) ജംഇയ്യത്തുൽ ഇഹ്സാനിയ്യ എന്നീ പേരുകളിൽ ഭീകരസംഘടനകളുണ്ടാക്കുകയും ഏതാനും ബിജെപി, ആർഎസ്എസ് പ്രവർത്തകരെ വധിക്കുകയും ചെയ്തു. തൊഴിയൂരിലെ സുനിൽ വധം, ചക്കരപ്പാടം സ്വദേശി സന്തോഷ് വധം**

**എന്നീ കൊലക്കേസുകൾക്ക് പിന്നിൽ ജംഇയ്യത്തുൽ ഇഹ്സാനിയ്യ എന്ന ഭീകരസംഘടനയാണെന്നു സിബിഐക്കു ബോധ്യമായിട്ടുണ്ട്. അതും ഈ കേസ് ഡയറിയിൽ ഉണ്ട്. ചേകനൂർ കേസിലെ പ്രതികളും സാക്ഷികളുമായ ചിലർ ഈ വധക്കേസുകളിലും ഉൾപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ സുന്നി ടൈഗർ ഫോഴ്സ്, ക്രസന്റ് വളണ്ടിയർ കോർ, ജംഇയ്യത്തുൽ ഇഹ്സാനിയ്യ എന്നിവയെല്ലാം ഭീകര-വിധ്വംസക സംഘടനകളാണെന്ന് സിബിഐയുടെ ഡയറിക്കുറിപ്പിൽ നിന്നു വ്യക്തമാണ്. അങ്ങനെ സിബിഐ തയ്യാറാക്കിയ ചേകനൂർ വധക്കേസിലെ പ്രതികളുടെ പട്ടികയിൽ നിന്നു മർക്കസിലെ പൂർവ വിദ്യാർഥിയും ഒന്നാം പ്രതിയുമായ കക്കിടി ഹംസ മാത്രം ശിക്ഷിക്കപ്പെട്ടു.** ബാക്കിയുള്ളവർ നിരപരാധികൾ..! പാവം ഹംസ! ഇതെങ്ങനെ സംഭവിച്ചു? 'പാവം ഹംസയ്ക്ക്' എന്തായാലും ഒറ്റയ്ക്ക് മൗലവിയെ നേരിടാനും വധിക്കാനും പറ്റില്ല എന്ന കാര്യം ഉറപ്പാണ്. മഞ്ചേരിയിലും അരീക്കോട്ടും കോഴിക്കോട് ടൗൺഹാളിലും മറ്റും പരിപാടികൾ നടത്തുമ്പോൾ സുന്നി വർഗീയവാദികൾ മൗലവിയുടെ യോഗം കലക്കാൻ ശ്രമിക്കാറുണ്ടായിരുന്നു. കുടയും വടിയും കല്ലുമൊക്കെ എടുത്തെറിഞ്ഞിട്ടുണ്ട്. മൗലവിയെ ശാരീരികമായി കയ്യേറ്റം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. അവരെയൊക്കെ തട്ടിമാറ്റി; അവരുടെ എതിർപ്പുകൾ തൃണവൽഗണിച്ച് മൗലവി പ്രസംഗം തുടർന്നിട്ടുണ്ട്. പലപ്പോഴും പൊലീസ് എത്തിയാണ് ഗുണ്ടകളെ പിടിച്ചുമാറ്റാറുണ്ടായിരുന്നത്. അത്രയ്ക്കും ധീരനും ശക്തനുമായ മൗലവിയെ കക്കാട് ഹംസയ്ക്ക് എന്തായാലും ഒറ്റയ്ക്ക് വധിക്കാൻ സാധ്യമല്ല. ഈ സത്യം കോടതി എന്തുകൊണ്ട് മനസ്സിലാക്കിയില്ല? അതുകൊണ്ട് ഒന്നാംപ്രതി ഹംസയുടെ കൂടെയുണ്ടായിരുന്ന ഉപജാപക വൃന്ദത്തെ എല്ലാ പഴുതുകളും കൊട്ടിയടച്ച് (മതിയായ തെളിവുകളോടെ) ഹംസയോടൊപ്പം കോടതിയിൽ വീണ്ടും കൊണ്ടുവരാൻ ഒരു പുനരന്വേഷണത്തിന് ഉത്തരവിടുകയായിരുന്നു കോടതി ചെയ്യേണ്ടിയിരുന്നത്.

## ചേകനൂർ കേസ് എൻഐഎ അന്വേഷിക്കണം

കേരളത്തിലെ മതഭീകരവാദത്തിന്റെ ആദ്യത്തെ ഇരയാണ് മൗലവി ചേകനൂർ. അതുകൊണ്ടുതന്നെ ഇന്ത്യയിലെ മതതീവ്രവാദം അന്വേഷിക്കാൻ പ്രത്യേകമായി കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ച എൻഐഎ ഈ കേസും ഏറ്റെടുത്ത് പുനരന്വേഷണം നടത്തണം. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുത്. പക്ഷേ ഇവിടെ ഇഷ്ടംപോലെ തെളിവുണ്ടായിട്ടും, കോടതിക്കുമുമ്പിൽ അതൊന്നും ബോധ്യപ്പെടുത്താതെ - അന്വേഷണറിപ്പോർട്ട് പൂർണമായും ന്യായാധിപന്റെ ശ്രദ്ധയിൽ പെടുത്താതെ - ആർക്കോവേണ്ടി ധൃതിയിൽ മൗലവിക്കേസുമായി ബന്ധപ്പെട്ട ഫയൽ ക്ലോസ് ചെയ്യാനുള്ള വ്യഗ്രതയിൽ പ്രതികൾ അനായാസം രക്ഷപ്പെടുന്നതാണ് നാം കാണുന്നത്. അതു മൗലവിയോടും അദ്ദേഹത്തിന്റെ കുടുംബത്തോടും ആദർശബന്ധുക്കളോടുമുള്ള നീതിനിഷേധം തന്നെയാണ്. മൗലവിക്കേസ് പല ഉദ്യോഗസ്ഥരുടെയും അനാസ്ഥമൂലം 17 വർഷം വൈകി. നീതി വൈകിക്കുന്നത് നീതിനിഷേധത്തിനു തുല്യമാണ് (Justice delayed is justice denied) എന്നിരിക്കേ ഒടുവിൽ നീണ്ടകാലയളവിനുശേഷം സിബിഐയിലെ ചില ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലമോ സമ്പന്നപക്ഷപാതിത്വം മൂലമോ പ്രതികൾ പുഷ്പംപോലെ കോടതിയിൽ നിന്ന് ഇറങ്ങിപ്പോകാൻ അവസരമുണ്ടാക്കിയത് എത്രമാത്രം നീതിരഹിതമാണ്: 'തീർച്ചയായും ദൈവം കൽപ്പിക്കുന്നത് നീതിയും നന്മയുമാണ്' എന്ന് നൂറുകണക്കിനു സ്ഥലങ്ങളിൽ ഖുർആൻ പറയുന്നു. "തീർച്ചയായും അല്ലാഹു കൽപ്പിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും (രക്തബന്ധത്തിലും ആദർശ ബന്ധത്തിലും സാമൂഹികബന്ധത്തിലും) നിങ്ങളോട് അടുപ്പമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നും നിങ്ങൾ ചിന്തിച്ചു (കാര്യങ്ങൾ) മനസ്സിലാക്കിയേക്കാം എന്നതിനാലാണ് ഈ ഉപദേശം അല്ലാഹു നിങ്ങൾക്ക് (ആവർത്തിച്ചു) നൽകുന്നത്." (16:90). "സത്യവിശ്വാസികളേ... നിങ്ങൾ അല്ലാഹുവിനു വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യംവഹിക്കുന്നവരും ആയിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതിപാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു." (5:8).

നമസ്കാരം, നോമ്പ് തുടങ്ങിയ ആരാധനകൾ നന്മയും നീതിയും ചെയ്യാനുള്ള പ്രചോദനമായാണ് ഖുർആൻ പഠിപ്പിക്കുന്നത്. അവയെല്ലാം ആത്മസംസ്കരണത്തിനുള്ള മാർഗങ്ങൾ മാത്രം. എന്നാൽ കള്ളഹദീസുകളിലൂടെ അബൂ ഹുറയ്റ സുന്നികളെ പഠിപ്പിച്ചത് അഞ്ച് നേര നമസ്കാരമാണ് കർമങ്ങളിൽ വച്ച് ഏറ്റവും നല്ല സൽക്കർമമെന്നാണ്. നിത്യവും അഞ്ചുനേരം നമസ്കാരത്തിനു പള്ളിയിൽ എത്താത്തവൻ കാഫിർ ആണെന്നും അവന്റെ വീടിനു തീവയ്ക്കണമെന്നും അവനെ കൊല്ലണമെന്നുമൊക്കെയാണ് ഖുർആൻ വിരുദ്ധ ഹദീസ് ഗ്രന്ഥങ്ങളിൽ ഉള്ളത്. സ്വഹീഹുൽ ബുഖാരിയിലെ ഒരു കള്ളഹദീസ് ശ്രദ്ധിക്കുക. "ഒരാൾ 70 മുസ്ഹഫ് (ഖുർആൻ) കത്തിച്ചു. ഒരു നബിയെക്കൊന്നു. ഹറമിൽ (മക്കയിലെ കഅബയിൽ വച്ച്) സ്വന്തം ഉമ്മയെ വ്യഭിചരിച്ചു. എന്നാലും അവൻ നമസ്കാരം ഉപേക്ഷിച്ചവനെക്കാൾ ഉത്തമനാണ്!." മുസ്ലിമും അമുസ്ലിമും തമ്മിലുള്ള വ്യത്യാസം (അഞ്ചുനേര) നമസ്കാരമാണെന്നാണ് മറ്റൊരു ഹദീസ്. ചുരുക്കത്തിൽ, ഇന്ത്യയിലും അറബുനാടുകളിലും മറ്റുനാടുകളിലുമൊക്കെ കാണപ്പെടുന്ന അഞ്ചുനേര നമസ്കാരം നിലനിർത്താത്ത എല്ലാ മതസ്ഥരും കാഫിറുകളാണെന്നും അവരൊക്കെ നീചരും നികൃഷ്ഠരും വധിക്കപ്പെടേണ്ടവരുമാണെന്നും മറ്റുമുള്ള ഖുർആൻ വിരുദ്ധ ഹദീസുഗ്രന്ഥങ്ങളെയും അതിന്റെ വക്താക്കളായ സുന്നി-മുജാഹിദ്-ജമാഅത്ത് മൗലവിമാരെയുമാണ് മൗലവി ചേകനൂർ നഖശിഖാന്തം എതിർത്തത്. ഇവിടെ സിബിഐയും കോടതിയും ആരുടെ പക്ഷത്തു നിൽക്കും? വർഗവിദ്വേഷവും ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും വളർത്തുന്ന ഹദീസുഗ്രന്ഥങ്ങളുടെ വക്താക്കളായ വർഗീയവാദികളുടെ പക്ഷത്തോ? അതോ നീതിയും നന്മയും സൽക്കർമങ്ങളും സമുദായ സൗഹാർദവും സർവമതസത്യവാദവും കൂടിയാലോചനയിലൂടെ കാര്യങ്ങൾ തീരുമാനിക്കാൻ പഠിപ്പിക്കുന്ന ജനാധിപത്യവും വിളംബരം ചെയ്യുന്ന ഖുർആൻ വിശ്വാസികളുടെ പക്ഷത്തോ? ആകാശം ഇടിഞ്ഞുവീണാലും നീതിനടപ്പാക്കും (Fiat Justicia. Ruat coelom) എന്ന് നമ്മുടെ കോടതികളിൽ എഴുതിവച്ചതു കാണാം. ആ നീതിയാണ് ഖുർആൻ വിശ്വാസികളായ ഞങ്ങൾ അധികൃതരിൽ നിന്നു പ്രതീക്ഷിക്കുന്നത്.

## ഇതെന്തൊരു വിധി?

**കോടതി വിധിയെപ്പറ്റിയല്ല. ചേകനൂർ കുടുംബാംഗങ്ങളുടെയും അദ്ദേഹത്തിന്റെ ആദർശബന്ധുക്കളായ ഞങ്ങളുടെയും വിധിയെപ്പറ്റിയാണ് പറയുന്നത് .**

കേസിലെ പ്രധാന സാക്ഷിയും മതിലകം പൊലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന സന്തോഷ് വധക്കേസിലെ പ്രതിയുമായ ഹുസൈൻ മുസ്ലിയാർ (W33) സിബിഐക്കു മുമ്പിലും പിന്നീട് ജുഡീഷ്യൽ മജിസ്ട്രേട്ട് (ഫസ്റ്റ് ക്ലാസ്, എറണാകുളം) കോടതിയിലും നൽകിയ മൊഴിയിൽ ചേകനൂർ വധക്കേസിലെ പ്രതിയായ ബഷീർ പത്തനാപുരം, ഹംസ സഖാഫിയോടൊപ്പം മൗലവിയെ വധിക്കാൻ തീരുമാനിച്ച ദിവസം വൈകുന്നേരം നടുവട്ടത്തുള്ള തന്റെ പള്ളിയിൽ വരികയും താൻ ബഷീറാണെന്നു സ്വയം പരിചയപ്പെടുത്തുകയും ചെയ്തതായി പറയുന്നുണ്ട്. അതിനു ശേഷം എ.പി. അബൂബക്കർ മുസ്ലിയാർ (കാന്തപുരം) പറഞ്ഞതുപ്രകാരം മൗലവിയുമായി ബന്ധപ്പെട്ട ഒരു കാര്യത്തിനു പോവുകയാണെന്നും കേസ് പിടിക്കപ്പെടാതിരിക്കാൻ പ്രത്യേകം പ്രാർഥിക്കണമെന്നും ഹുസൈൻ മുസ്ലിയാർ പറഞ്ഞതായി കാണുന്നു.

ജംഇയ്യത്തുൽ ഇഹ്സാനിയ്യ എന്ന സംഘടനയിൽപെട്ട ചന്ദ്രാപ്പിനിയിലുള്ള മനാഫും നവാസും ഷാജഹാനും ചേർന്നാണ് ചക്കരപ്പാടം സ്വദേശി സന്തോഷ് എന്ന ആർഎസ്എസ് പ്രവർത്തകനെ 1996 ഓഗസ്റ്റ് ഒമ്പതിന് വധിച്ചത്. ഈ കേസിലെ മറ്റൊരു പ്രതിയാണ് മുകളിൽ സൂചിപ്പിച്ച ഹുസൈൻ മുസ്ലിയാർ. അദ്ദേഹത്തിന് ചില അമാനുഷിക കഴിവുകളുണ്ടെന്നും അദ്ദേഹം ഒരു സിദ്ധനാണെന്നും ഹുസൈൻ മുസ്ലിയാർ മന്ത്രിച്ചൂതിയ വെള്ളം ശരീരത്തിലും ജീപ്പിന്റെ മുകളിലുമൊക്കെ തളിച്ചാൽ പ്രതികളും ജീപ്പുമൊന്നും പിടിക്കപ്പെടില്ല എന്നുമുള്ള അന്ധവിശ്വാസവും സുന്നികൾക്കുണ്ട്. അതുകൊണ്ടാണ് മൗലവിയെ വധിക്കാൻ വന്ന പ്രതികൾ - ഹംസയും ബഷീറും - ജീപ്പുമായി ഹുസൈൻ മുസ്ലിയാരുടെ പള്ളിയിൽ എത്തിയത്. അങ്ങനെ മന്ത്രിച്ചൂതിയ വെള്ളം കൊണ്ട് 'ദിക്ർ സ്വീകരിച്ച്' ശേഷമാണ്; അഥവാ അനുഗ്രഹം വാങ്ങിയ ശേഷമാണ് പ്രതികൾ നടുവട്ടം എന്ന സ്ഥലത്തു നിന്ന് മൗലവിയുടെ എടപ്പാളിലുള്ള വസതിയിൽ എത്തിയതും മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ ഉപയോഗിച്ചിരുന്ന നീല ജീപ്പിൽ മൗലവിയെ തട്ടിക്കൊണ്ടുപോയതും വധിച്ചതും.

**എ.പി. ഉസ്താദ് പറഞ്ഞിട്ട് മൗലവിയുമായി ബന്ധപ്പെട്ട ഒരു കാര്യത്തിനു പോവുകയാണെന്നും കേസ് പിടിക്കപ്പെടാതിരിക്കാൻ ദുആ ചെയ്യണമെന്നും രണ്ടുപ്രാവശ്യം ഹുസൈൻ മുസ്ലിയാർ സിബിഐ മുമ്പാകെയും എറണാകുളം സിജെഎം കോടതിയിലും മൊഴിനൽകുന്നു. ഒരു ന്യായാധിപന്റെ മുമ്പിലാണ് (കക്കാട് അലിയാർ നൽകിയതുപോലെ) പ്രസ്തുത മൊഴി നൽകിയത് എന്നതു പ്രത്യേകം ശ്രദ്ധേയമാണ്. കാന്തപുരത്തിനു വേണ്ടിയാണ് ഈ 'ഓപ്പറേഷൻ' നടത്തുന്നത് എന്നു രണ്ടുതവണ ഹുസൈൻ മുസ്ലിയാരോട് ബഷീർ ആവർത്തിക്കുന്നതായി കേസ് ഡയറിയിൽ ഉണ്ട്. മാത്രമല്ല ഹംസ സഖാഫി, ബഷീർ പത്തനാപുരം എന്നിങ്ങനെ രണ്ടാളുടെയും പേര് ഹുസൈൻ മുസ്ലിയാർ എടുത്തുപറയുന്നു. എന്നാൽ കോടതിവിധി വന്നപ്പോൾ 'എ.പി. ഉസ്താദിന്റെ' പേരു രണ്ടുപ്രാവശ്യം പറഞ്ഞ ബഷീർ ജയിലിനു പുറത്ത്. കൂടെയുണ്ടായിരുന്ന കക്കിടി ഹംസ ഇരട്ടജീവപര്യന്തം കഠിനതടവും ഒരു ലക്ഷവുമായി അകത്ത്. ഇതെന്തൊരു 'കറാമത്ത്?'** ഇതെന്തൊരു മറിമായം... പണത്തിനേക്കാൾ വലിയ ഒരു കറാമത്ത് ഇല്ല എന്നു തന്നെയല്ലേ ഈ കോടതി വിധിയും വ്യക്തമാക്കുന്നത്... മന്ത്രിച്ചൂതിയ വെള്ളം കൊണ്ട് ഹുസൈൻ മുസ്ലിയാർ കാണിക്കുന്ന 'ദിക്ർ' എന്ന 'കറാമത്തി'നേക്കാൾ വലിയ കറാമത്ത് 'എ.പി. ഉസ്താദി'ന്റെ കൈവശമുണ്ടെന്നുസാരം!! അതു ഡോളറിലാവാം, യൂറോവിലാവാം, ഇന്ത്യൻ മണിയിലാവാം. ഏതായാലും ചേകനൂർക്കേസിലെ ചില പ്രധാനസാക്ഷികളുടെയും പ്രതികളുടെയും മൊഴിയുടെ അടിസ്ഥാനത്തിൽ കാന്തപുരത്തെ പ്രതി ചേർക്കാനുള്ള മൗലവിയുടെ ബന്ധുക്കളുടെ ഹർജി രണ്ടു പ്രാവശ്യവും മുമ്പേ കോടതി തള്ളി എന്നതും ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്. സമീപകാല കോടതിവിധികളിൽ സമ്പന്നപക്ഷപാതിത്വവും കീശയുടെ വലുപ്പവും ഘടകമാണെന്ന് പിണറായി വിജയനും മന്ത്രി പാലോളി മുഹമ്മദ്കുട്ടിയുമൊക്കെ പറഞ്ഞത് അങ്ങനെയങ്ങ് തള്ളിക്കളയാനാവില്ല.

## ഭീകരത വരുന്ന വഴി

സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിൽ നിൽക്കുന്ന മുസ്ലിം യുവാക്കളുടെ വിവരക്കേടിനെയും ഗതികേടിനെയും ചൂഷണം ചെയ്താണ് ഇത്തരം ഭീകരസംഘടനകൾക്ക് അതിന്റെ ഉന്നതങ്ങളിലുള്ളവർ രൂപം നൽകിയത്. എസ്എസ്എഫ് എന്ന പേരിൽ പലയിടത്തും ക്യാമ്പുകൾ സംഘടിപ്പിക്കുകയും അവിടെ വച്ച് ഏതാനും ദിവസം ഒരു ചെലവുമില്ലാതെ ഇവർ ഒന്നിച്ചു താമസിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. ആ താമസത്തിനിടയിൽ പലർക്കും പരസ്പരം കൂടുതൽ പരിചയപ്പെടാൻ സൗകര്യം ലഭിക്കുന്നു. അവരിൽ നിന്നു കൂടുതൽ ഊർജസ്വലതയുള്ളവരെ കണ്ടുപിടിച്ച് അവർക്ക് സ്ഥിരമായി ക്ലാസുകളും യാത്രാപ്പടിയും മറ്റു സൗകര്യങ്ങളും ആനുകൂല്യങ്ങളും നൽകുന്നു. ക്രമേണ അവരുടെ മനഃശാസ്ത്രം ഇവർ പഠിക്കുന്നു. അങ്ങനെ എന്തിനും തയ്യാറായ ഒരുത്തനാണ് എന്ന് സംഘടനയ്ക്ക് ബോധ്യമായാൽ അവന്റെ ശമ്പളവും ആനുകൂല്യങ്ങളും വർധിക്കുന്നു. അവനെ പൂർണമായും സംഘടന ഏറ്റെടുക്കുന്നു. അങ്ങനെ എന്തിനും റെഡിയായ ഒരു വിഭാഗത്തെയാണ് പ്രത്യേക ക്ലാസുകളും ആയോധനമുറകളും കളരിയും കരാട്ടേയും മോട്ടോർ സൈക്കിൾ പ്രകടനവുമൊക്കെ അഭ്യസിപ്പിക്കുന്നത്. സിവിസി (ക്രസന്റ് വളണ്ടിയർ കോർ), ഇസ്ലാമിക് ചാരിറ്റി സെന്റർ, സുന്നി ടൈഗർ ഫോഴ്സ്, ജംഇയ്യത്തുൽ ഇഹ്സാനിയ്യ എന്നീ പേരുകളിൽ കോഴിക്കോട്ടും മലപ്പുറത്തും തൃശ്ശൂരിലും കാസർകോട്ടും ഇടുക്കിയിലും തിരുവനന്തപുരത്തും വയനാട്ടിലുമൊക്കെ

കരാട്ടേ ക്ലാസുകളും കളരി കേന്ദ്രങ്ങളും കാന്തപുരവും അബ്ദുന്നാസർ മഅ്ദനിയുമൊക്കെ നടത്തിയിരുന്നു. അത്തരത്തിലുള്ള ഒന്നായിരുന്നു അരൂരിലെ ചുവന്ന കുന്നിലുള്ള കരാട്ടേ കേന്ദ്രം.

മൗലവിയെ കാണാതായി ഏതാനുംനാൾ കഴിഞ്ഞപ്പോൾ അബ്ദുന്നാസർ മഅ്ദനി കൊല്ലം ജില്ലയിൽ തന്റെ അണികളോട് പ്രസംഗിച്ചതിങ്ങനെയായിരുന്നു: "അൽഹംദുലില്ലാ... ആ ശല്യം ഒഴിഞ്ഞു. ഇതു കുറേ നേരത്തെ ഞാൻ പ്രതീക്ഷിച്ചിരുന്നു. അൽപം വൈകിയാലും ആ ശല്യം തീർന്നല്ലോ." താമസിയാതെ തന്നെ അല്ലാഹു കോയമ്പത്തൂർ സ്ഫോടനക്കേസിന്റെ ആ പ്രധാന സൂത്രധാരനെ കാരിരുമ്പഴികളിൽ കുടുക്കി. ഒരു വിചാരണപോലും നടത്താതെ ജീവപര്യന്തം ശിക്ഷ നൽകുകയും ചെയ്തു. മഅ്ദനിയും കാന്തപുരവും കുറേ സിൽബന്തികളും 1992-93-94 കാലഘട്ടങ്ങളിൽ സ്ഥിരമായി എല്ലാ വ്യാഴാഴ്ചകളിലും രാത്രിയിൽ രഹസ്യമായി ചാവക്കാട്ടുള്ള ഒരു ബംഗ്ലാവിൽ ഒരുമിച്ചു കൂടാറുണ്ടായിരുന്നു എന്ന് സാലിം ഹാജി സിബിഐ കോടതി മുമ്പാകെ മൊഴി നൽകിയതും ശ്രദ്ധേയമാണ്. ഇപ്പോൾ ബാംഗ്ലൂർ സ്ഫോടനക്കേസിലും പ്രതിയായി അബ്ദുന്നാസർ മഅ്ദനി വിചാരണ നേരിട്ട് കർണാടക പൊലീസിന്റെ തടവിൽ കഴിയുകയാണ്.

മഅ്ദനിക്കെതിരെ അതിശക്തമായ തെളിവുകൾ തമിഴ്നാട് പൊലീസിനും കർണാടക പൊലീസിനും സിബിഐക്കും ജനത്തെ കാട്ടാൻ അല്ലാഹു നൽകിയതുകൊണ്ടാണ് മഅ്ദനിയുടെ മോചനം ബാലികേറാമലയാകുന്നത്. ബിജെപി നേതാവായ മുരളി മനോഹർ ജോഷിയെ പട്ടിയെന്നു വിളിക്കുന്ന മഅ്ദനിയുടെ കാസറ്റ് ഈയുള്ളവൻ കേട്ടിട്ടുണ്ട്. മുസ്‌ലിംലീഗ് നേതാവ് കുഞ്ഞാലിക്കുട്ടിയെ അന്നു 'കന്നുകാലിക്കുട്ടി' എന്നായിരുന്നു മഅ്ദനി ആ കാസറ്റിൽ കളിയാക്കിയത്. മറ്റൊരു പ്രസംഗത്തിൽ മൗലവിയെ 'ക്ലീൻഷേവ് കുരങ്ങൻ' എന്നാണ് മഅ്ദനി കളിയാക്കിയത്.

ഖുർആനിലുള്ള തത്വങ്ങൾ പഠിപ്പിക്കാതെ അറേബ്യൻ ഹദീസുകളിലൂടെ കിട്ടിയ വർഗീയവാദവും ഭീകരവാദവും പാവപ്പെട്ട മുസ്‌ലിം യുവാക്കൾക്കിടയിൽ കുത്തിവച്ച് വർഗീയ ലഹളയും നരഹത്യയും നടത്തിയതിനുള്ള ദൈവിക ശിക്ഷയായാണ് അബ്ദുന്നാസർ മഅ്ദനിയുടെ ലോക്കപ്പുവാസത്തെ ഖുർആൻ സുന്നത്തുകാരായ ഞങ്ങൾ കാണുന്നത്. നാളെ പരലോകത്ത് ഇതിലും മോശമായ ദൈവിക ശിക്ഷ താങ്കൾക്കുണ്ടാവാതിരിക്കാൻ അല്ലാഹുവിനോട് പ്രാർഥിക്കുക! ചെയ്ത തെറ്റുകൾ ഏറ്റുപറഞ്ഞു, വിദ്യാഭ്യാസമില്ലാത്ത മുസ്‌ലിം ചെറുപ്പക്കാരെ തല്ലാനും കൊല്ലാനും പ്രേരിപ്പിച്ചതിൽ മാപ്പു പറഞ്ഞ്, മനം നൊന്ത് അല്ലാഹുവിനോട് പശ്ചാത്തപിക്കുക. തൗബ ചെയ്തു മടങ്ങുക.

***മൗലവി ചേകനൂർ വധിക്കപ്പെട്ടപ്പോൾ അൽഹംദുലില്ലാ... എന്നു പറഞ്ഞ വേറെയും വിഡ്ഢികളും ജാഹിലുകളുമുണ്ടിവിടെ. അവരുടെയൊക്കെ വിചാരം അതോടെ ഖുർആൻ സുന്നത്തു പ്രസ്ഥാനം അവസാനിച്ചു എന്നായിരുന്നു. എന്നാൽ മൗലവിയുടെ രക്തത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ട് - അദ്ദേഹത്തിന്റെ പുസ്തകങ്ങളിൽ നിന്നും പ്രസംഗക്കാസറ്റുകളിൽ നിന്നും ആവേശം ഉൾക്കൊണ്ട് - പതിനായിരങ്ങൾ ഇപ്പോൾ കേരളക്കരയിൽ പിറന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ ഓരോ ഖുർആൻ സുന്നത്തുകാരനും ഓരോ ചേകനൂരാണ്. അവരെയെല്ലാം കൊന്നൊടുക്കാതെ നിങ്ങൾക്ക് അഹ്‌ലുസ്സുന്നത്തുവൽ ജമാഅത്ത് എന്ന അറേബ്യൻ പാരമ്പര്യമതവുമായി മുന്നോട്ടു പോകാനാവില്ല. തീർച്ച!***

മൗലവിയുടെ അന്ത്യത്തിലും അദ്ദേഹത്തിന്റെ ഭൗതികശരീരം കിട്ടാത്തതിലും എന്തോ അനിർവചനീയമായ ആനന്ദം ഉള്ളിൽ സൂക്ഷിക്കുന്ന ചില കഴുതകളുണ്ടിവിടെ. മൗലവിയുടെ വാദങ്ങൾക്കൊന്നും മറുപടി പറയാൻ കഴിയാതെ ഒടുവിൽ അവർ ഇളിഭ്യരാകുമ്പോൾ ഈ വിഡ്ഢികൾ ചോദിക്കുന്നത് 'എന്തേ നിങ്ങളുടെ മൗലവിയുടെ മൃതശരീരം പോലും കിട്ടാത്തത്' എന്നാണ്. ഇസ്‌ലാമിക ചരിത്രവും ഖുർആനും പഠിക്കാത്ത ആ കഴുതകളോട് എന്ത് പറയാൻ! ചേകനൂർ വധക്കേസിലെ ചില പ്രധാന സാക്ഷികളെയും പ്രതികളെയും സഹായിച്ച പല മുസ്‌ലിം മന്ത്രിമാരും ഉസ്താദുമാരും എംപിമാരും രാഷ്ട്രീയ നേതാക്കളും പെണ്ണുകേസിലും ഭീകരപ്രവർത്തനത്തിലും കുഴൽപ്പണ ഇടപാടിലുമൊക്കെ കുടുങ്ങി ജീവിച്ചിരിക്കുമ്പോൾ തന്നെ ചീഞ്ഞു നാറിക്കൊണ്ടിരിക്കുന്നു എന്നതും നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്ന വസ്തുതയല്ലേ!

ഇനിയെങ്കിലും വർഗീയതയും മതഭ്രാന്തും അവസാനിപ്പിക്കുക. ഖുർആന്റെ പൊരുൾ തങ്ങളുടെ അനുയായികൾക്ക് പറഞ്ഞുകൊടുക്കുക. നാസർ മഅ്ദനി പറഞ്ഞാലേ മഅ്ദനിയുടെ ആൾക്കാർ കേൾക്കൂ. കാന്തപുരം പറഞ്ഞാലേ കാന്തപുരത്തിന്റെ കുട്ടികൾ അതേറ്റെടുക്കൂ. ഇ.കെ. വിഭാഗത്തിന്റെ തലപ്പത്തുള്ളവർ പറഞ്ഞാലേ ഇ.കെയുടെ ഗ്രൂപ്പിലുള്ളവർ കേൾക്കൂ. ജമാഅത്ത് അമീർ പറഞ്ഞാലേ ജമാഅത്തെ ഇസ്‌ലാമിയുടെ അനുഭാവികൾ കേൾക്കൂ. കെഎസ്എസ് പറഞ്ഞാലേ ചേകനൂരിന്റെ അനുയായികൾ കേൾക്കൂ. മുജാഹിദ് പ്രസ്ഥാനത്തിന്റെ നേതാവു പറഞ്ഞാലേ മുജാഹിദുകൾ അനുസരിക്കൂ. പോപ്പു പറഞ്ഞാലേ ക്രിസ്ത്യാനികൾ കേൾക്കൂ. സ്വാമി പറഞ്ഞാലേ ഹിന്ദുക്കൾ അനുസരിക്കൂ. ഇതു സാധാരണക്കാരന്റെ മനഃശാസ്ത്രം സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ദൈവവും മതവും എന്തോ ഭയങ്കര സംഗതിയാണ്. അപ്പോൾ മതവിഷയത്തിൽ അവർ അഭിപ്രായം പറയില്ല. സ്വയം ചിന്തിക്കില്ല. മതവിഷയത്തിൽ അഭിപ്രായം പറയാനും ചിന്തിക്കാനും അവർ തങ്ങളുടെ മത നേതാവിനെ ഏൽപ്പിച്ചിരിക്കുകയാണ്. നേതാക്കൾ പറയുന്നതാണ് അവരുടെ മതം. അവർ പറയുന്നതേ അനുസരിക്കൂ. ഇതൊരു സാർവലൗകിക സത്യമാണ്. അപ്പോൾ ഒരു മതഗ്രൂപ്പ് നന്നാകണമെങ്കിൽ ആ ഗ്രൂപ്പിന്റെ തലവൻ തന്നെ വിചാരിക്കണം. ആ ഗ്രൂപ്പിനെ നരകത്തിലേക്കോ സ്വർഗത്തിലേക്കോ നയിക്കാൻ ആ നേതാവിന് കഴിയുന്നു. അതുകൊണ്ടാണ് ഖുർആൻ ഇങ്ങനെ പറയുന്നത്: "വിശ്വസിച്ചവരേ, പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനത്തിന്റെ ധനം അന്യായമായി തിന്നുന്നവരും അവരെ സത്യദീനിൽ നിന്ന് തടയുന്നവരുമാണ്." (9:34). സമകാലിക സുന്നി-മുജാഹിദ്-ജമാഅത്ത് പണ്ഡിതന്മാരും ഖുർആനും തമ്മിലുള്ള ബന്ധം കാണുമ്പോൾ ഈ ഖുർആൻ വാക്യം നൂറുശതമാനവും സാർഥകമായിത്തോന്നുന്നു!!

ജംഇയ്യത്തുൽ ഇഹ്സാനിയ്യ, സുന്നി ടൈഗർ ഫോഴ്സ്, സുന്നി വളണ്ടിയർ കോർ, ഇസ്‌ലാമിക് ചാരിറ്റി സെന്റർ, എസ്എസ്എഫ്, എൻഡിഎഫ്, കാന്തപുരം, അബ്ദുന്നാസർ മഅ്ദനി എന്നിങ്ങനെ ഒരുപാട് സംഘടനകളും വ്യക്തികളും ചേകനൂർ വധവുമായി പരസ്പരം ബന്ധപ്പെട്ട അഭേദ്യഘടകങ്ങളാണെന്ന് സിബിഐ കുറ്റപത്രം വായിച്ചാൽ വ്യക്തമാകുന്നു.

ഈ സംഘടനകളിൽപ്പെട്ട തിരഞ്ഞെടുത്ത ചെറുപ്പക്കാർക്ക് പ്രത്യേക സ്റ്റഡി ക്ലാസും കായിക പരിശീലനവും നൽകി അവരെ വിധ്വംസകപ്രവർത്തനങ്ങൾക്കും നരഹത്യകൾക്കും ശത്രുസംഹാരത്തിനും ഒറ്റയ്ക്കും കൂട്ടായും നിയോഗിക്കുകയാണ് പതിവ് എന്ന് മനാഫിന്റെയും സുലൈമാന്റെയും മറ്റും സിബിഐ മൊഴികളിൽ കാണുന്നു. സൗദി അറേബ്യയിൽ നിന്നും ബഹ്റൈനിൽ നിന്നുമൊക്കെ വ്യാജ പാസ്പോർട്ട് രേഖയുണ്ടാക്കി പാക്കിസ്ഥാനിലും അഫ്ഗാനിസ്ഥാനിലുമൊക്കെപ്പോയി പ്രത്യേക പരിശീലനം നേടി ബഹ്റൈനിലും സൗദിയിലും തിരിച്ചെത്തി ഇന്ത്യയിലേക്കും കേരളത്തിലേക്കും മടങ്ങുന്നവർ എൻഡിഎഫിലും പിഡിപിയിലും ഉണ്ടെന്നു റിപ്പോർട്ടുകളുണ്ടായിരുന്നു. ജീവനുള്ള ആടിനെയും മൂരിയെയും ഒട്ടകത്തിനെയുമൊക്കെ വെട്ടി ചോരയോടുള്ള അറപ്പും ഭയവും മാറിയാലേ 'ആദം സന്തതികളെ' കശാപ്പു ചെയ്യാൻ ഇവർ നിയോഗിക്കപ്പെടൂ. ഒരു രാത്രിയിൽ ദിക്റിനു ശേഷം ആടിനെ വെട്ടി ചോര കണ്ടു പേടിച്ചരണ്ടു ബോധം കെട്ടു ഭീകരപ്രസ്ഥാനം മതിയാക്കി സന്യാസ ജീവിതം നയിക്കുന്ന ഒരു 'പാവം ഭീകരവാദി'യെ എനിക്കറിയാം.

**സിബിഐ ഡയറിക്കുറിപ്പുകളുടെയും കോടതിവിധിയുടെയും സംക്ഷിപ്തരൂപം**

☞ മൗലവി ചേകനൂർ വധിക്കപ്പെട്ടു. നൂറ്റാണ്ടുകളായി മുസ്‌ലിംകളിലെ യാഥാസ്ഥിതിക വിഭാഗമായ സുന്നി മുസ്‌ലിംകളുടെ നമസ്കാരത്തിലും നോമ്പിലും ഹജ്ജിലും വിശ്വാസ കാര്യങ്ങളിലും ചിന്താഗതികളിലും കാണപ്പെടുന്ന ഖുർആൻ വിരുദ്ധമായ ദുരാചാരങ്ങൾക്കെതിരെ ഖുർആൻ കൊണ്ട് പടപൊരുതിയതിന് മൗലവി ചേകനൂർ എന്ന മഹാപണ്ഡിതൻ വധിക്കപ്പെട്ടു. പുരോഗമനവാദിയായിരുന്ന അദ്ദേഹം ജീവിച്ചിരുന്നുവെങ്കിൽ അത് ഇസ്‌ലാമിനും മുസ്‌ലിംകൾക്കും സമൂഹത്തിന് തന്നെയും വളരെ ഗുണകരമാകുമായിരുന്നു.

☞ മൗലവിയെ വധിക്കാനുള്ള ഗൂഢാലോചന നടന്നത് കാന്തപുരം അബൂബക്കർ മുസ്‌ലിയാരുടെ കാരന്തൂരിലുള്ള **മർക്കസ്** എന്ന സ്ഥാപനത്തിൽ വച്ച്.

☞ കാന്തപുരവുമായി തെറ്റിപ്പിരിയുന്നതിന് മുമ്പ് (1995ന് മുമ്പ്) മർക്കസിൽ മാനേജരായിരുന്ന മണ്ടാളിൽ ഉസ്മാൻ മുസ്‌ലിയാരുടെ നേതൃത്വത്തിലാണ് ഗൂഢാലോചന നടന്നത്. 1993 മെയ്-ജൂൺ മാസങ്ങളിലായിരുന്നു ഗൂഢാലോചനകൾ.

☞ കാന്തപുരത്തിന്റെ മർക്കസ് ആവശ്യങ്ങൾക്കായി മണ്ടാളിൽ ഉസ്മാൻ മുസ്‌ലിയാർ അന്നുപയോഗിച്ചിരുന്ന നീല ജീപ്പാണ് (കെഎൽ 11 എ 9967) കൊലയ്ക്ക് വേണ്ടി പ്രതികൾ ഉപയോഗിച്ചത്.

☞ ഗൂഢാലോചനയിൽ കക്കാട് അലിയാർ, ബഷീർ പത്തനാപുരം, വാഴക്കാട് പി.സി. ബഷീർ മാസ്റ്റർ, പറമ്പിൽ ബസാറിലുള്ള മായിൻ, കുന്നത്തിരി അബ്ദുൽ ഗഫൂർ, കൊട്ടപ്പുറത്തുള്ള കുഞ്ഞുമരയ്ക്കാർ, കിഴിശ്ശേരിയിലുള്ള മുഹമ്മദ്കുട്ടി കൊന്തേടൻ എന്നിവർ പങ്കെടുത്തു. കക്കാട് അലിയാരെയാണ് കൃത്യം നടത്തുന്നതിനായി അമീറായി (നേതാവായി) തിരഞ്ഞെടുത്തത്. എന്നാൽ സംഭവ ദിവസം കൃത്യം നടക്കുന്ന സ്ഥലത്തേക്ക് എത്തിപ്പെടാൻ പറ്റാത്തതിനാൽ അമീർ (കക്കാട് അലിയാർ) രക്ഷപ്പെട്ടു. മറ്റു പ്രതികൾ കൃത്യം നിർവഹിക്കുകയും ചെയ്തു.

☞ കക്കിടി ഹംസയും ബഷീർ പത്തനാപുരവുമാണ് മൗലവിയെ എടപ്പാളിലെ വീട്ടിൽ നിന്നു മതപ്രഭാഷണത്തിന് എന്നു പറഞ്ഞ് കോഴിക്കോട്ടേക്ക് തട്ടിക്കൊണ്ടുവന്നത്. വഴിയിൽ വച്ച് (മലപ്പുറം ജില്ലയിലെ കൊളപ്പുറത്ത് വച്ച്) അവിടെ മുൻകൂട്ടി ആസൂത്രണം ചെയ്തത് പ്രകാരം കാത്തിരുന്ന സെയ്ഫുദ്ദീൻ, മുഹമ്മദ് കുട്ടി കൊന്തേടൻ, കുഞ്ഞിമരയ്ക്കാർ, കുന്നത്തിരി അബ്ദുൽ ഗഫൂർ എന്നിവർ ജീപ്പിൽ കയറി. ജീപ്പ് തനിക്ക് പരിചയമില്ലാത്ത റോഡിലേക്ക് തിരിഞ്ഞപ്പോൾ 'ഇത് കോഴിക്കോട്ടേക്കുള്ള വഴിയാണോ' എന്ന് മൗലവി സംശയം പ്രകടിപ്പിച്ചു. 'ഇത് കോഴിക്കോട്ടേക്കുള്ള എളുപ്പവഴിയാണെ'ന്ന് ബഷീർ അതിന് പെട്ടെന്ന് മറുപടി പറയുകയും ചെയ്തു. അപ്പോൾ ചെറുതായി മഴ പെയ്യുന്നുണ്ടായിരുന്നു. ജീപ്പ് ഓടിച്ചിരുന്ന ബഷീറിന്റെ സിഗ്നൽ പ്രകാരം മുൻ സീറ്റിൽ ബഷീർ പത്തനാപുരത്തിന്റെയും ഹംസ സഖാഫിയുടെയും ഇടയിൽ ഇരുന്നിരുന്ന മൗലവിയുടെ കഴുത്തിലേക്ക് പിറകിൽ നിന്ന് കുഞ്ഞിമരയ്ക്കാർ പെട്ടെന്ന് തുണിയിട്ട് മുറുക്കി. കുതറിമാറാൻ ശ്രമിച്ചെങ്കിലും മുൻ സീറ്റിൽ ഇരുന്ന മൗലവിയുടെ കാലിൽ ബഷീറും ഹംസയും ബലമായി അമർത്തിപ്പിടിച്ചതിനാൽ തികച്ചും നിസ്സഹായനായ മൗലവി മരണത്തിന് കീഴ്പ്പെട്ടു. അങ്ങനെ മൗലവി തന്റെ 57-ാം വയസ്സിൽ രക്തസാക്ഷിയായി.

☞ മൗലവിയെ മറവ് ചെയ്തത് മലപ്പുറം ജില്ലയിലെ പുളിക്കലിനടുത്ത അരൂർ എന്ന സ്ഥലത്തെ ചുവന്നകുന്ന് എന്ന വിജനമായ മലഞ്ചെരുവിൽ. കൃത്യം നടക്കുമ്പോൾ ആ സ്ഥലം മർക്കസിലെ ജനറൽ മാനേജരായിരുന്ന മണ്ടാളിൽ ഉസ്മാൻ മുസ്‌ല്യാരുടെ പേരിലായിരുന്നു.

☞ ബഷീറിന്റെ നിർദേശ പ്രകാരം, മൗലവിയുടെ മൃതശരീരം മറവു ചെയ്യാനും തെളിവുകൾ നശിപ്പിക്കാനും പര്യാപ്തമായ രീതിയിൽ ഇല്യൻ ഹംസയും അബ്ദുൽ സലാമും ചേർന്ന് കുഴിയും കുഴിച്ച് കാത്തിരിക്കുകയായിരുന്നു അവിടെ. മൗലവിയുടെ മൃതശരീരവും അദ്ദേഹത്തെ വധിക്കാനുപയോഗിച്ച തുണിയും അദ്ദേഹം എപ്പോഴും കൊണ്ടുനടക്കാറുള്ള ഖുർആനുള്ള സ്യൂട്ട്കേസും ഒന്നിച്ച് ആ കുഴിയിൽ ഇട്ടുമൂടി എന്ന് പ്രതികൾ സിബിഐയോടു സമ്മതിച്ചു.

☞ 1994-1995 കാലഘട്ടത്തിൽ തന്നെ മൗലവി ചേകനൂർ കേസ് തെളിയുമായിരുന്നു. അന്ന് കേസന്വേഷിച്ച ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥന്റെ അനാസ്ഥ മൂലം പ്രതികൾ വിദേശത്തേക്ക് രക്ഷപ്പെട്ടു. ആ ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥന്റെ പേരിലും കോടതി നടപടി എടുക്കേണ്ടതാണ്.

☞ സിബിഐ ഉദ്യോഗസ്ഥരുടെ ബുദ്ധിപരമായ അന്വേഷണത്തിന്റെയും നീക്കത്തിന്റെയും അവസാനത്തിൽ, 27-11-2000 ന് ഹംസ സഖാഫിയും ഇല്യൻ ഹംസയും അറസ്റ്റു ചെയ്യപ്പെട്ടു. 19-01-2001 ന് പി.കെ. സൈഫുദ്ദീനും അറസ്റ്റു ചെയ്യപ്പെട്ടു.

☞ വിദേശത്തേക്കു തൽക്കാലം രക്ഷപ്പെട്ടെങ്കിലും മുഖ്യ

പ്രതികളായ മുഹമ്മദ് ബഷീർ പത്തനാപുരം, മുഹമ്മദ് കുട്ടി, കുഞ്ഞിമരയ്ക്കാർ, അബ്ദുൽ ഗഫൂർ, അബ്ദുൽ സലാം, മണ്ടാളിൽ ഉസ്മാൻ മുസ്‌ലിയാർ തുടങ്ങിയവർക്കെതിരെ 17-10-2001ൽ സിബിഐ ജാമ്യമില്ലാ വാറണ്ടു പുറപ്പെടുവിക്കുകയും (NBW) ഗത്യന്തരമില്ലാതെ വർഷങ്ങൾക്ക് ശേഷം പ്രതികളെല്ലാവരും സിബിഐയുടെ മുമ്പിൽ കീഴടങ്ങുകയും ചെയ്തു. മൗലവിയെ വധിക്കാനുപയോഗിച്ച നമ്പർ പ്ലേറ്റില്ലാത്ത നീല ജീപ്പുവരെ പിന്നീട് അന്വേഷിച്ചു കണ്ടെത്തി സിബിഐ കസ്റ്റഡിയിലെടുത്തു. (കെഎൽ11 എ 9967)

പ്രതികളും പ്രതിഭാഗം സാക്ഷികളുമെല്ലാം മർക്കസുമായി ബന്ധപ്പെട്ടവർ. പ്രതികളെല്ലാവരും സുന്നിടൈഗർഫോഴ്സ്, ക്രസന്റ് വളണ്ടിയർ കോർ (സിവിസി), ജംഇയ്യുത്തൽ ഇഹ്സാനിയ്യ എന്നീ ഭീകര സംഘടനകളുമായി പരസ്പരം ബന്ധപ്പെട്ടവർ. സുന്നി വിരുദ്ധരെ എതിർക്കുക, സുന്നി ആശയങ്ങൾക്കെതിരായി പ്രവർത്തിക്കുന്നവരെ ഉന്മൂലനം ചെയ്യുക, കാന്തപുരത്തിനെതിരായി പ്രവർത്തിക്കുന്നവരെ അമർച്ച ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെയാണ് സിവിസിയും സുന്നീ ടൈഗർ ഫോഴ്സും ഉണ്ടാക്കിയത് എന്ന് സിബിഐയുടെ കൈവശമുള്ള എല്ലാ സാക്ഷിമൊഴികളിലും കാണുന്നു. അപ്പോൾ എ.പി. ഉസ്താദിനെ സംരക്ഷിക്കാൻ പ്രത്യേകമായി ഉണ്ടാക്കിയ സംഘടനയിൽ പെട്ടവരാണ് പ്രതികളും പ്രതിഭാഗം സാക്ഷികളുമെന്നത് കാന്തപുരത്തിനെതിരെ സംശയത്തിന്റെ നിഴൽ പരത്തുന്നു. എറണാകുളം സിജെഎം കോടതിയിലും സിബിഐ ഉദ്യോഗസ്ഥർക്ക് മുമ്പിലും കക്കാട് അലിയാരും (W:34) ഹുസൈൻ മുസ്‌ലിയാരും (W:33) നൽകിയ സാക്ഷിമൊഴികൾ ഇതിന് പര്യാപ്തമാണ്. ഈ തെളിവുകൾ വിചാരണക്കോടതിയുടെ മുമ്പിൽ സമർപ്പിക്കാതെയാണ് സിബിഐയിലെ ചില ഉന്നതോദ്യോഗസ്ഥർ ചേകനൂർ കേസിലെ കുറ്റപത്രം സമർപ്പിച്ചത് മുഹാജിറിന്റെ കേസ് ഡയറി സിബിഐ ഉദ്യോഗസ്ഥർ വിചാരണക്കോടതിയുടെ മുമ്പിൽ ഹാജരാക്കുക പോലും ചെയ്തിട്ടില്ല. പ്രതികളുടെയും പ്രതിഭാഗം സാക്ഷികളുടെയും മൊഴികളിലെല്ലാം തന്നെ കാന്തപുരത്തിന്റെ പേര് പരാമർശിക്കപ്പെടുന്നുണ്ട്. അതുകൊണ്ടാണ് കാന്തപുരത്തെ കൂടി പ്രതിപ്പട്ടികയിൽ ചേർത്ത് ചേകനൂർ കേസ് പുനരന്വേഷിക്കണമെന്നാവശ്യപ്പെട്ട് മൗലവിയുടെ അമ്മാവനും ഖുർആൻ സുന്നത്ത് സൊസൈറ്റിയും കോടതിയിൽ രണ്ടുപ്രാവശ്യം ഹർജി നൽകിയത്. എന്നാൽ സിബിഐയിലെ ചില ഉദ്യോഗസ്ഥർ പ്രസ്തുത കേസ് ഡയറി ന്യായാധിപന്റെ ശ്രദ്ധയിൽ പെടുത്താത്തത് കാരണം ആ ആവശ്യം കോടതി തള്ളി. ഏതോ വ്യക്തികളെ സംരക്ഷിക്കാനുള്ള ചില സിബിഐ ഉദ്യോഗസ്ഥരുടെ സ്വാർഥ താൽപര്യം മൂലമോ പണക്കൊതി മൂലമോ എട്ടു പ്രതികളും രക്ഷപ്പെട്ടു. കക്കിടി ഹംസ മാത്രം ശിക്ഷിക്കപ്പെട്ടു. മറ്റു പ്രതികൾ രക്ഷപ്പെട്ട അതേ ലൂപ്പുഹോളുകൾ ഉപയോഗിച്ച് ഏതാനും മാസം കഴിഞ്ഞാൽ ഹംസയ്ക്കും രക്ഷപ്പെടാം. അങ്ങോട്ടാണ് കേസിന്റെ പോക്ക്. അതുകൊണ്ട് സിബിഐ തയ്യാറാക്കിയ എല്ലാ കുറ്റപത്രവും വിശദമായി പരിശോധിച്ച് പ്രതികൾക്ക് രക്ഷപ്പെടാൻ പറ്റാത്ത വിധം ചേകനൂർ കേസ് പുനരന്വേഷണം നടത്താൻ കോടതി ഉത്തരവിടണമെന്ന് വിനീതമായി ഞങ്ങൾ അഭ്യർഥിക്കുന്നു. എങ്കിലേ മൗലവിയോടും അദ്ദേഹത്തിന്റെ കുടുംബത്തോടും ആദർശ ബന്ധുക്കളോടും നീതി കാട്ടിയെന്ന് സിബിഐക്കും, കോടതിക്കും അവകാശപ്പെടാൻ അർഹതയുള്ളൂ.

മൗലവിയും അദ്ദേഹം സ്ഥാപിച്ച ഖുർആൻ സുന്നത്ത് സൊസൈറ്റിയും ഇസ്‌ലാമിന്റെയും ഇസ്‌ലാമിക ചരിത്രത്തിന്റെയും അനിഷേധ്യമായ ഭാഗമായി മാറിയിരിക്കുന്നു. അതുകൊണ്ടു തന്നെ മൗലവിയുടെ വധം അദ്ദേഹത്തിന്റെ അനുയായികളായ ഞങ്ങളെപ്പോലുള്ളവർക്ക് കേവലം ഒരു കൊലപാതക കഥയല്ല. അതൊരു ചരിത്ര സാക്ഷ്യമാണ്. സുപ്രധാനമായ ചരിത്ര സംഭവം. സാക്ഷികൾ പലരും കൂറുമാറിയാലും പല സാക്ഷികളും ഹാജരാവാതെ ഒരു കൂസലുമില്ലാതെ നടന്നാലും ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ ലൂപ്പ്ഹോളുകളുപയോഗിച്ച് പ്രതികളിൽ ചിലർ രക്ഷപ്പെട്ടാലും ദൈവത്തിന്റെയും മനഃസാക്ഷിയുടെയും കോടതിയിൽ അവരെന്നെന്നും വിചാരണ നേരിട്ടുകൊണ്ടിരിക്കും. ചരിത്രം ആ മഹാദുരന്തം എന്നെന്നും ചർച്ച ചെയ്തുകൊണ്ടേയിരിക്കും.

യേശുക്രിസ്തുവും യൂദാസും പോലെ, മുഹമ്മദ് നബിയും അബൂജഹലുകളും പോലെ, ഹസ്രത്ത് ഹംസയും വഹ്ഷിയും പോലെ, ഹസ്രത്ത് ഉമറും ഉമറിന്റെ ഘാതകൻ അബൂലുഅ്ലും പോലെ, ഹസ്രത്ത് അലിയും അലിയുടെ ഘാതകൻ ഇബ്നു മുൽജിമും മുആവിയയും പോലെ, ഗാന്ധിജിയും ഗോഡ്സെയും പോലെ, മൗലവിയും അദ്ദേഹത്തിന്റെ ഘാതകരും ചരിത്ര സംഭവമാവുകയാണ്. അതുകൊണ്ടുതന്നെ മൗലവി ചേകനൂർ വധവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും മൗലവിയുടെ അനുയായികളും ആദർശ ബന്ധുക്കളുമായ ഓരോ വ്യക്തിയും അറിഞ്ഞിരിക്കേണ്ടതുണ്ട്. പുതുതായി വല്ലതുമുണ്ടെങ്കിൽ അതറിയാൻ ശ്രമിക്കേണ്ടതുമുണ്ട്. മൗലവിക്കേസുമായി ബന്ധപ്പെട്ട് ഈ എളിയവൻ മനസ്സിലാക്കിയ കാര്യങ്ങൾ എന്റെ സുഹൃത്തുക്കൾക്ക് വേണ്ടി, മൗലവിയുടെ ആദർശ ബന്ധുക്കൾക്ക് വേണ്ടി ക്രോഡീകരിച്ച് ലേഖനരൂപത്തിൽ എഴുതി എന്ന് മാത്രം. ഇത് പൂർണമല്ല. കുറ്റമറ്റതുമല്ല. ഇനിയും സിബിഐ തയ്യാറാക്കിയ കുറ്റപത്രത്തിൽ നിന്നു നമുക്ക് പലതും അറിയാനുണ്ട്. അതിനായി കാത്തിരിക്കാം. സത്യം പൂർണമായും പുലരട്ടെയെന്ന് സർവേശ്വരനോട് പ്രാർഥിക്കാം.


## ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങൾ! മൗലവി ചേകനൂരിന്റെ ഗ്രന്ഥങ്ങൾ! ഇപ്പോൾ ലഭ്യമായവ

- പ്രമാണയോഗ്യമായ ഹദീസേത്? 45/-
- അബൂ ഹുറയ്റയുടെ തനിനിറം 50/-
- നമസ്കാരം മൂന്ന് മാത്രം: സി.എൻ. മൗലവിക്ക് ചുട്ടമറുപടി 35/-
- ഖുത്തുബ പരിഭാഷയും സ്ത്രീകളുടെ ജുമുഅയും 25/-
- തറാവീഹും തഹജ്ജുദും നബിക്ക് മാത്രം 20/-
- ഖുർആനിൽ ഹജ്ജിനുള്ള സ്ഥാനവും രൂപവും 30/-
- ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും 25/-
- ഖുർആനിലെ നമസ്കാരരൂപം 15/-
- സർവമത സത്യവാദം ഖുർആനിൽ 15/-
- ഇസ്രാഉും മിഅ്റാജും 10/-
- നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലലെങ്ങനെ? 15/-
- ഇസ്‌ലാമിക ശരീഅത്തും ഇന്ത്യൻ ശരീഅത്തും സുപ്രീം കോർട്ട് വിധിയും 10/-
- മുസ്‌ലിം പിന്തുടർച്ചാ നിയമം: വിമർശകർക്ക് മറുപടി 45/-

<u>പുസ്തകങ്ങൾക്കും സിഡികൾക്കും ബന്ധപ്പെടുക</u>

നാഷനൽ ബുക്സ്, പൂതേരി ബിൽഡിംഗ്,
സ്റ്റേഡിയം ജംഗ്ഷൻ, റാം മോഹൻ റോഡ്,
കോഴിക്കോട് - 673004, ഫോൺ : 9496244760
email: nationalbooks@publicist.com


Printed & Published by K.K. Salim Hajee @ Guru Offset & Graphics, Clt-4, for Khur-aan Sunnath Society (KSS)
Central Committee, Moulavi Chekanoor Memorial Building, Govindapuram P.O, Kozhikode-16. Chief Editor: Mudur Aboobacker.
**INTERNAL CIRCULATION ONLY.**


## ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ മറ്റു പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| 1. | ചേലാകർമം അനിസ്‌ലാമികം | *(ഡോ. എം. അബ്ദുൽ ജലീൽ, പുറ്റെക്കാട് )* | 30/- |
| 2. | ഇസ്‌ലാമും ജനാധിപത്യവും | ” | *20/-* |
| 3. | വിശുദ്ധ ഖുർആൻ: മുസ്‌ലിംകളുടെ ഒരേയൊരു പ്രമാണ ഗ്രന്ഥം *(ഒന്നും രണ്ടും ഭാഗങ്ങൾ)* | ” | *35/-* |
| 4. | ആമീൻ എന്ന ഖുർആൻ വിരുദ്ധ പ്രാർഥനാ മൊഴിയും വിഗ്രഹാരാധനയും | ” | 30/- |
| 5. | ഹദീസുകളുടെ പ്രാമാണികത | *(എം.പി. മുഹമ്മദുണ്ണി മൗലവി, മാറഞ്ചേരി)* | *35/-* |
| *6.* | *ചേകനൂർ മൗലവി: ജീവിതവും സന്ദേശവും* | ,, | *50/-* |
| *7.* | *മുസ്‌ലിം വിവാഹവും മനുഷ്യാവകാശങ്ങളും* | ,, | *20/-* |
| *8.* | *ഖുർആൻ* വ്യാഖ്യാനങ്ങളിലെ അപാകങ്ങൾ | ,, | 15/- |
| 9. | ശരീഅത്ത്: വികാസവും പരിണാമവും | ,, | 50/ |
| 10. | ഇസ്‌ലാമിക സദാചാര മൂല്യങ്ങൾ ഖുർആനിൽ | ,, | 30/- |
| 11. | ഖുർആൻ നിഷേധികൾക്ക് മറുപടി | ,, | 45/- |
| 12. | ഈ ഹദീസുകൾ ആർക്കു വേണ്ടി? | *(പി.സി. മുഹമ്മദ് കുട്ടി ഹാജി)* | *7/-* |
| 13. | സുകൃതങ്ങൾ ഖുർആനിക വീക്ഷണത്തിൽ | ,, | 10/- |
| 14. | ചേകനൂർ മൗലവിയുടെ ആദർശപ്പടയോട്ടം | *(മൗലവി യൂസുഫ് കരുനാഗപ്പള്ളി)* | 10/- |
| 15. | വേദ ദർശനം മാസിക | | |
| 16. | ഇസ്‌ലാമിൽ നടന്ന ഗുരുതമായ അട്ടിമറികൾ (ഖുർആനെയും ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തെയും പരിചയപ്പെടുത്തുന്ന 50 മണിക്കൂർ ദൈർഘ്യമുള്ള പ്രഭാഷണപരമ്പര. ഓഡിയോ സി.ഡി. MP3 ഫോർമാറ്റ് ) | | 100/- |
| 17. | ഖുർആൻ നിയമ സെമിനാർ, വണ്ടൂർ (മൗലവി ചേകനൂരിന്റെ പ്രഭാഷണം MP3) | | 30/- |
| 18. | മരണമില്ലാത്ത മൗലവി ചേകനൂർ (VCD) | | 30/- |
| 19. | ഹജ്ജിലെ ദുരാചാരങ്ങൾ (VCD) | | 30/- |
| 20. | മൗലവി ചേകനൂർ അനുസ്മരണം-2010 (DVD) | | 70/- |